[Sri. A. J. John]

കൊണ്ടും ഇതിനെപ്പറ്റി ഗവമ്മെണ്ടു് വളരെ കാര്യമായി ആലോചിക്കുന്നതാണെന്നും വലിയ നഷ്ടം വരാത്ത ഒരു സംഗതിയാണെങ്കിൽ അതിനെപ്പറ്റി വളരെ അനുകൂലമായവിധത്തിൽതന്നെ ആലോചിക്കുന്നതാണെന്നും മാത്രമേ എനിക്കു് ഇപ്പോൾ പ്രസ്താവിക്കാനുള്ളു. ശ്രീ. നാണു ഈ പ്രമേയം പിൻവലിയ്ക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പി. നാണു: രണ്ടു പായിൻറിൽ നികുതി ചുമത്തണമെന്നുള്ള നോട്ടിഫിക്കേഷൻ കാൻസൽ ചെയ്യാൻ ഗവമ്മെണ്ടിനു് അധികാരമില്ലേ?

ശ്രീ. എ. ജെ ജോൺ: അധികാരമുണ്ടു്. പക്ഷെ നികുതികുട്ടാൻ അധികാരമില്ല. കുറയ്ക്കാനേധികാരമുള്ളു. ഒരു പായിൻറാക്കി നു പൈസയെന്നുള്ളതു് നു പൈസയെന്നാക്കാൻ സാധ്യമല്ലെന്നാണു് പറയുന്നതു്. അങ്ങിനെ വേണമെങ്കിൽ സെക്ഷൻ നു ഭേഗതിചെയ്യണം. സെയിൽസ്ടാക്സ് ആക്ടിൽ വേറെയും ചില സംഗതികൾ ഭേഗതി ചെയ്യണമെന്നു് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടു്. ഇതെല്ലാം നിയമം ഭേഗതി ചെയ്യുമ്പോൾ ആലോചിക്കാമെന്നു മാത്രമേ തൽക്കാലം പറയുവാനുള്ളു.

ശ്രീ. പി. നാണു: ഈ അടുത്തകാലത്തുതന്നെ നടത്താമോ?

ശ്രീ. എ. ജെ. ജോൺ: അടുത്തകാലത്തുതന്നെ നടത്താം.

ശ്രീ. പി. കെ. രാമൻ: എക്സ്പോർട്ടേഴ്സ് കോൺസ്റ്റിറ്റുഷനെ ആധാരമാക്കി ടാക്സ് തരാതിരിയ്ക്കുന്നു എന്നു പറയുന്നതു ശരിയാണോ?

ശ്രീ. എ. ജെ. ജോൺ: ഗവമ്മെണ്ടിനു് കിട്ടിയിട്ടുള്ള വിദഗ്ധാഭിപ്രായമനുസരിച്ചു് എക്സ്പോർട്ട ചെയ്യുന്ന സാധനങ്ങൾക്കു് സെയിൽസ്ടാക്സ് ചുമത്താമെന്നു കാണുന്നുണ്ടു്. അതനുസരിച്ചു് സെയിൽടാക്സു് പിരിയ്ക്കാൻ ഓർഡർ കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. നാണു: ഗവമ്മെണ്ടിൽനിന്നും ഈ വിഷയത്തെ സംബന്ധിച്ചു് ആലോചിച്ചു് ഗവമ്മെണ്ടിനു് കഴിയുംവണ്ണം ഈ തൊഴിലാളികളെ സഹായിക്കത്തക്ക ഭേഗതികൾ നിയമത്തിൽ വരുത്താമെന്ന ബഹുമാനപ്പെട്ട മന്ത്രിഅവർകൾ പറയുന്നതുകൊണ്ടും അതു താമസിയാതെ നടപ്പിൽ വരുത്താമെന്ന ഉറപ്പു തരുന്നതുകൊണ്ടും എൻറെ പ്രമേയത്തെ പിൻവലിയ്ക്കുന്നതിനു സഭയുടെ അനുമതി ഞാൻ ആവശ്യപ്പെടുന്നു.

The resolution was, by leave, withdrawn

Resolution regarding Constitution of an Expert Committee to enquire into the condition of Backward Communities

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: "തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിൻറെ പിന്നോക്കസമുദായക്കാരുടെ സാമൂഹ്യവും സാമ്പത്തികവുമായ സ്ഥിതികളെക്കുറിച്ചു് അന്വേഷിക്കുന്നതിനും ഒരു ചുരുങ്ങിയ കാലയളവിൽ അവരെ മറ്റു സമുദായങ്ങളോടൊപ്പം കൊണ്ടുവരുന്നതിനു പ്രായോഗികമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഒരു വിദഗ്ദ്ധകമ്മിറ്റിയെ രൂപീകരിക്കുന്നതിനു് ഈ അസംബ്ലി ഗവമ്മെണ്ടിനോടു ശുപാർശചെയ്യുന്നു."

സ്വതന്ത്രഭാരതത്തിൻറെ ഒരു അവിഭാജ്യഘടകമായ തിരുവിതാംകൂറിലെ പട്ടികസമുദായങ്ങളുടെ ഇന്നത്തെ നിലയെ സംബന്ധിച്ചിടത്തോളം എല്ലാവർ

LIBRARY ARCHIVES Kerala Legislative Assembly

ക്കും വ്യക്തമായി അറിയാവുന്നതാണ്. ഇന്ന് സമത്വസുന്ദരമായ ഒരു രാജ്യ സൃഷ്ടിക്കുവേണ്ടിയാണ് നാം എല്ലാവരും ആഗ്രഹിക്കുന്നത്. ഭാരതത്തിൽ വി വിധ പാർട്ടികൾ നിലവിലുണ്ടെങ്കിലും എല്ലാ പാർട്ടികളും സമുദായങ്ങൾ ഏ കോദരസഹോദര്യത്തോടുകൂടി ജീവിക്കുന്നതിനുള്ള ഒരു പരിതഃസ്ഥിതി ഉണ്ടാക്കേ ണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചു കണ്ടുണ്ട്. അതു ഏറ്റവും സ്വാഗതാർ ഹമാണ്. ഇന്ന് രാജ്യത്തുള്ള മനുഷ്യജീവികൾ എല്ലാവരും സാമൂഹ്യമായ നി ലയിലും സാമ്പത്തികമായ നിലയിലും ഒരേനിലയിലായിത്തീരുന്നതിന് വളരെ പ്രയാസങ്ങൾ നേരിടേണ്ടിയിരിക്കുന്ന ഈ നില മാറ്റാനുള്ള മാർഗ്ഗങ്ങൾ ആരാ യേണ്ടതു ഏറ്റവും ആവശ്യമാണ്. ലോകൈകവന്ദ്യനായ മഹാത്മാഗാന്ധി സാമ്പത്തികമായും മറ്റുതരത്തിലും കഷ്ടത അനുഭവിച്ചുപോരുന്ന ഒരു കൂട്ടം ആളു കൾ ഭാരതത്തിലുണ്ടെന്നും അവരുടെ ഉദ്ധാരണം ഇൻഡ്യയുടെ സ്വാതന്ത്ര്യല ബ്ധിക്ക് അനുപേക്ഷണീയമാണെന്നും മനസിലാക്കിയതിന്റെ ഫലമായിട്ടാണ് കോൺഗ്രസ് ഹരിജനപ്രസ്ഥാനം ആരംഭിച്ചതു്. മഹാത്മഗാന്ധി ഇന്നത്തെ പ്പോലെ ഭരണത്തിനുമാത്രമായി കോൺഗ്രസിനെ നിലവിൽകൊണ്ടുവന്നുവെന്നു വിചാരിക്കാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹം ജീവിച്ചിരുന്ന കാലത്തു ഭരണം നടത്തണമെന്നു ആഗ്രഹിച്ചിട്ടില്ലായിരുന്നുവെന്നു പല ഉദാഹര ണങ്ങളും കാണിക്കാൻ കഴിയും. ഏകോദരസഹോദര്യത്തോടുകൂടി ജീവിക്കുന്ന ഒരു മനുഷ്യസമുദായം ഭാരതത്തിൽ ഉണ്ടാകണമെന്നുള്ള ആഗ്രഹമാണ് അദ്ദേഹ ത്തിനുണ്ടായിരുന്നതു്. വിവിധജാതി മതസ്ഥർ അധിവസിക്കുന്ന ഭാരതത്തിൽ അദ്ദേഹം ഒരു സമുദായത്തോടും, വർഗ്ഗത്തോടും മതത്തോടും പ്രത്യേക പ്രതിപ ത്തികാണിച്ചിരുന്നില്ല. സകല മതങ്ങളേയും അദ്ദേഹം ഒന്നുപോലെ സ്നേഹിക്ക കയും ബഹുമാനിക്കുകയും ചെയ്തിരുന്നു. ഇപ്രകാരമുള്ള മഹാത്മാഗാന്ധിയുടെ ആദർശങ്ങളെ പിൻതുടരുന്നനമ്മൾ രാജ്യത്തു അവശതഅനുഭവിക്കുന്ന സമുദാ യങ്ങൾ ഉണ്ടെങ്കിൽ ആ സമുദായങ്ങളുടെ ഉദ്ധാരണത്തിനു് ആവശ്യമുള്ളതു പ്ര വർത്തിക്കേണ്ടതു നമ്മുടെയും ഗവൺമെൻറുകളുടേയും കടമയാണു്.

തിരുവിതാംകൂറിലെ കാര്യം മാത്രം എടുത്തു നോക്കുകയാണെങ്കിൽ ഇന്ന ത്തേതിലും ഉപരിയായ പ്രവർത്തനരീതി, അവശതസമുദായങ്ങളെ സംബന്ധിച്ചി ടത്തോളം ഇതിനു മുമ്പുണ്ടായിരുന്നു എന്നു പറയാൻ എനിക്കു് ഏറ്റവും സ ന്തോഷമുണ്ടു്. സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണ കാലത്തെ സംബ ന്ധിച്ചിടത്തോളം എന്തെല്ലാം ആക്ഷേപങ്ങൾ ഉണ്ടായിരുന്നെങ്കിൽതന്നെയും അ ദ്ദേഹത്തിന്റെ ഭരണകാലത്തു തിരുവിതാംകൂറിലെ പിന്നോക്കസമുദായക്കാരുടെ ഭാഗ്യോദയകാലമായിരുന്നു എന്നു പറയാൻ എനിക്കതിയായ സന്തോഷമുണ്ടു്. തിരുവിതാംകൂർ മഹാരാജാക്കന്മാരെ തിരുവിതാംകൂറിലെ പിന്നോക്കസമുദായ ക്കാർ കാണപ്പെട്ടദൈവമായി ആരാധിച്ചുപോരുന്നു എന്നും മഹാരാജാക്കന്മാ രുടെ പ്രത്യേക കാരുണ്യം അവശസമുദായങ്ങളോടുണ്ടായിരുന്നു എന്നും, ഉള്ളതി നു എത്ര ദൃഷ്ടാന്തങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കുവാനുണ്ടു്. ഇവിടത്തെ അവശസമുദായക്കാർ വിശ്വസ്ഥതയോടെ പ്രവർത്തിയെടുക്കുവാൻ മടിക്കുന്നവ രല്ല. ഇവർ മറ്റുള്ളവരേക്കാൾ ക്ഷേത്രപ്രവേശനപ്രവർത്തനങ്ങളിൽ ഏർപ്പെ ട്ടിരുന്നു എന്നും ചരിത്രം പഠിച്ചിട്ടുള്ളവർക്കു മനസിലാക്കുവാൻ സാധിക്കുന്ന താണു്. തിരുവിതാംകൂറിലെ അവശസമുദായക്കാരുടെ ഉദ്ധാരണത്തിനായി 1936-ൽ ഇവിടെ ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറ് മഹാരാജാവു തിരുമനസ്സി ലെ പ്രത്യേകാനുമതിയോടുകൂടി സ്ഥാപിച്ചു പ്രവർത്തനം തുടങ്ങി. ആ ഡിപ്പാ ർട്ടുമെൻറ് തിരുവിതാംകൂറിലെ ദിവാൻജിമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാ യിരുന്നു പ്രവർത്തിച്ചുവന്നിരുന്നതെന്നുള്ളതു കാണുവാൻ എനിക്കു ഇടയായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. K. Krishnan Sastri]

താണ്. ഫ ഫ ൦ വ്-ൽ ആരംഭിച്ച ഈ ഡിപ്പാർട്ടുമെണ്ടിനെ ഉപദേശിക്കുവാനും ആവശ്യമായ നർദ്ദേശങ്ങൾ നൽകുവാനുമായി ഒരു അഡൈവസറിക്കമ്മിറ്റി രൂപീകരിക്കയും ചെയ്തു. ആ അഡൈവസറിക്കമ്മിറ്റിയിൽ ഫ ഫ ഢ-മുതൽ ഒരംഗമായിരിക്കുവാനുള്ള ഒരവസരവും എനിക്കു ലഭിച്ചിട്ടുണ്ട്. ആ കാലങ്ങളിലെല്ലാം തന്നെ ഒരൊറ്റസമുദായത്തെ സംബന്ധിക്കുന്നതായ ഒരു സംഗതിക്കും യാതൊരു വിഷമവും ഉണ്ടായിരുന്നില്ല. സർ, ഇന്നാകട്ടെ അവശസമുദായോദ്ധാരണത്തിന് ഒരു അവശസമുദായസംരക്ഷണ ഡിപ്പാർട്ടുമെൻറ് അതിന്റെ ആവശ്യത്തിലേക്കായി ഒരു വിപുലമായ ഫണ്ടും അനുവദിച്ചിട്ടുണ്ട്. ആ ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനത്തെപ്പറ്റി പരിശോധിക്കുന്നപക്ഷം അതിന്റെ നിലയെസംബന്ധിച്ച് ഏറ്റവും ലജ്ജാവഹമായ അവസ്ഥയാണതിനുള്ളതെന്നു പറയാതെ നിവർത്തിയില്ല. ഇന്നു ഈ ഡിപ്പാർട്ടുമെൻറ് ഒരു സ്വതന്ത്രഡിപ്പാർട്ടുമെൻറാണോ എന്നും, അതിന്റെ അദ്ധ്യക്ഷനു എന്തധികാരമാണുള്ളതെന്നും ചോദിച്ചാൽ, ഒന്നും ചെയ്യാൻ സ്വാതന്ത്ര്യമില്ലാത്തതും, തിരുവിതാംകൂർ–കൊച്ചിയിലെ പട്ടികസമുദായങ്ങളുടെ സംഖ്യാബലത്തിനനുസരണമായും, അവരുടെ സങ്കേതങ്ങൾ സന്ദർശിച്ച് അവരുടെ ആഗ്രഹങ്ങൾ അറിവാൻകൂടി സൗകര്യമില്ലാത്ത ഒരു നാമമാത്ര ഉദ്യോഗസ്ഥനാണെന്നു പറഞ്ഞാൽ അതായിരിക്കും അദ്ദേഹത്തിനുള്ള സ്വാതന്ത്ര്യം. തിരുവിതാംകൂറിൽ ജനകീയഗവൺമെണ്ടിന്റെ ആവിർഭാവത്തിനുശേഷം നാലേകാൽലക്ഷം രൂപാ അതിലേക്കനുവദിക്കയുണ്ടായി. അതിൽ രണ്ടുലക്ഷം രൂപായിൽ ഒട്ടുംതന്നെ കൂടുതൽ ഈ രാജ്യത്തിലെ അവശസമുദായോദ്ധാരണത്തിനായി ചിലവാക്കാൻ സാധ്യമായിട്ടില്ല എന്നു കാണാവുന്നതാണ്. ഈ തുകയിൽ ഒരു നല്ല ഭാഗം എല്ലാ കൊല്ലവും ലാപ്സായി പോകുകയാണ്. ഈ വർഷത്തിൽ ഫഢ ലക്ഷം രൂപാ ഇതിലേക്കു നീക്കിവച്ചിട്ടുണ്ടെന്നു ബഡ്ജറ്റുകൊണ്ടു കാണാവുന്നതാണ്. അതിനാൽ ഈ ലക്ഷം രൂപാ പൊതുമന്ദിരങ്ങൾ സ്ഥാപിക്കുന്നതിലേക്കായി ഒരു സ്കീമും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇന്നുവരെ ഈ പൊതുമന്ദിരങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെണ്ടിൽനിന്നും എടുത്തിട്ടില്ല. അതിലേക്കുള്ള ഗവൺമെണ്ടു് അനുവാദവും ഇന്നുവരെയുണ്ടായിട്ടില്ല. ഇനി ഗവൺമെണ്ടനുവാദം എന്നുണ്ടായിട്ടാണു പൊതുമന്ദിരങ്ങൾ സ്ഥാപിച്ചുകൊടുക്കാൻ പ്രോകുന്നതു് എന്നു ഞാൻ ചോദിക്കുന്നു. പൊതുവെ ഈ ൪ ലക്ഷം രൂപായും ബഡ്ജറ്റവർഷം അവസാനിക്കുമ്പോൾ ലാപ്സായിപോകുന്നതു കാണാം. ഇങ്ങനെമാറ്റി വക്കുന്നതായ പണം ഈ പദ്ധതികൾ തുടങ്ങാത്തതുകൊണ്ടു് അവസാനം ഗവൺമെണ്ടിലേക്കു് മടങ്ങിക്കൂട്ടുവാൻ സാധിക്കുന്നതാണ്. ഇങ്ങനെ ഒരു നിലവരാതിരിക്കുന്നതിനും പട്ടികജാതിക്കാരുടെ ഉന്നമനത്തിനു ഒരു നിശ്ചിത പരിപാടി ഉണ്ടായിരിക്കേണ്ടതു ഏറ്റവും ആവശ്യമാണ്.

ഇന്നു നമുക്കു കിട്ടിട്ടുള്ള സ്വാതന്ത്ര്യം രാഷ്ട്രീയസ്വാതന്ത്ര്യം മാത്രമാണ്. സാമ്പത്തികമായ സ്വാതന്ത്ര്യം നമുക്കു ലഭിക്കുന്നില്ലെങ്കിൽ നമുക്കു ഇന്നു കിട്ടിട്ടുള്ള രാഷ്ട്രീയ സ്വാതന്ത്ര്യം പരാജയത്തിലവസാനിക്കും എന്നുള്ളതു തീർച്ചയാണ്. സാമ്പത്തികമായ അഭിവൃദ്ധിലഭിക്കാത്തതുകൊണ്ടു് അനേകം സമുദായങ്ങൾ ഈ തിരുവിതാംകൂറിൽ കഷ്ടപ്പെടുന്നുണ്ടെങ്കിൽ, അവക്കു് സാമ്പത്തികമായ സ്വാതന്ത്ര്യം ലഭിക്കാതിരിക്കുന്നുണ്ടെങ്കിൽ, ഈ രാജ്യത്തിനു ഒരു പുരോഗതിയുണ്ടാകുമോ എന്നു എനിക്കു സംശയമുണ്ട്. ഇപ്രകാരം അവശസമുദായങ്ങളിൽപ്പെട്ടവരുടെ സാമ്പത്തികവും സാമൂഹ്യവും ആയ ഉന്നമനത്തിനുതകുന്നതായും, മറ്റു ഉയർന്ന സമുദായക്കാരോടൊപ്പം എത്തിച്ചേരുന്നതിനും ആവശ്യമായ നിർദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ നൽകുന്നതിന് ഒരു പ്രത്യേക പദ്ധതിരൂപീകരിക്കുന്നതിന് ഒരു കമ്മിറ്റി ഉണ്ടാകണമെന്നുള്ളതാണ് എന്റെ പ്രമേയം കൊണ്ടുദ്ദേശിക്കുന്നത്.

ഇന്ന പിന്നോക്കസമുദായസംരക്ഷണ ഡിപ്പാർട്ടുമെന്റ് എന്നു് ഒരു ഡിപ്പാർട്ടുമെന്റ് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുണ്ട്. അതിനു് ഒരു അഡൈസറിക്കമ്മിറ്റിയുമുണ്ട്. ഈ കമ്മിറ്റി ഇപ്പോൾ ഒരു പ്രാവശ്യമോ മറ്റൊക്കുടിയിട്ടുണ്ട്. അതിൽതന്നെ എന്താണാലോചിച്ചിട്ടുള്ളതെന്നു് ബഹുമാനപ്പെട്ട മന്ത്രിക്കു് അറിയാവുന്നതാണു്. സാമൂഹ്യവും സാമ്പത്തികവും മായ കാര്യങ്ങൾ സംബന്ധിച്ചും ഉപദേശിക്കുന്നതിനു നിർദ്ദേശം നൽകുന്നതിനും ഈ കമ്മിറ്റിക്കവസരം ലഭിച്ചിട്ടില്ല അതിനതുക്കവണ്ണമുള്ള പ്രാപ്തിയും പ്രാവിണ്യവും അവർക്കില്ല എന്നുള്ളതു തീർച്ചയാണു്. അതിനുപുറമെ എതാനും അംഗങ്ങളെ ചേർത്തു് മറ്റൊരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടു്. അതും ഈ സഭയിലെ എതാനും അംഗങ്ങൾതന്നെയാണു്. ഇവരെല്ലാം ചെയ്തിട്ടുള്ളതും ചെയ്യാൻ പോകുന്നതും എന്തെല്ലാമാണെന്നു കണ്ടറിയേണ്ടതാണു്. ഞാൻ പറയുന്ന നിയമപരമായും സാമ്പത്തികപരമായും ഉള്ള കാര്യങ്ങളെപ്പറ്റി ചിന്തിക്കുവാൻ താല്പര്യമുള്ളവരായ അംഗങ്ങളെ ചേർത്തു് ഒരു കമ്മിറ്റിയുണ്ടാക്കുകയും അവരുടെ ഒരു റിപ്പോർട്ടു് എത്രയും വേഗത്തിൽ സഭക്കുമുമ്പിലേക്കു വരുത്തി അതനുസരിച്ചു് പിന്നോക്ക സമുദായസംരക്ഷണ ഡിപ്പാർട്ടുമെന്റ് പരിഷ്കരിക്കയും ചെയ്യണമെന്നാണുള്ളതാണു്. ഇന്നു പിന്നോക്കസമുദായക്കാരെപ്പറ്റിയും പട്ടികവർഗ്ഗങ്ങളെപ്പറ്റിയും അവരുടെ സാമ്പത്തികവും സാമൂഹ്യവുമായ സ്ഥിതികളെസംബന്ധിച്ചു് പരിചയമുള്ള അംഗങ്ങൾ ഈ നിയമസഭയിൽതന്നെയുണ്ടായേക്കാം. അല്ലെങ്കിൽ വെളിയിൽ ഉണ്ടാകാം. അങ്ങിനെയുള്ള അംഗങ്ങളെ ചേർത്തു വേണം ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതു്. പിന്നോക്കസമുദായത്തിൽപ്പെട്ട അംഗങ്ങൾതന്നെ ഈ കമ്മിറ്റിയിൽ ഉണ്ടായിരിക്കണമെന്നു് ഞാൻ നിർബന്ധിക്കുന്നില്ല. ശ്രീ. കെ. അയ്യപ്പൻ, ശ്രീ. പട്ടം താണുപിള്ള, ശ്രീ. കെ. ശിവരാമപിള്ള, ശ്രീ. മന്നത്തു പദ്മനാഭൻ മുതലായവരുൾപ്പെട്ട ഒരു കമ്മിറ്റി ഉണ്ടാകുന്നതു പ്രയോജനകരമായിരിക്കുമെന്നു ഞാൻ കരുതുന്നു. അവർ ഓരോ പാർട്ടികളിൽ പെട്ടവരുമാണു്. പട്ടികവർഗ്ഗക്കാരുടെയും, പിന്നോക്കസമുദായങ്ങളുടേയും അഭിവൃദ്ധിയിലും നയപരിപാടികളിലും പ്രത്യേകിച്ചു സന്തോഷമുള്ളവരും ഇവരെല്ലാം ഒത്താഭിപ്രായത്തോടുകൂടി പ്രവർത്തിച്ചിട്ടുള്ളവരുമാണു്. അവരുടെ അഭിപ്രായമാരായുകയും ആവശ്യമായവിധത്തിൽ ഡിപ്പാർട്ടുമെന്റ് പരിഷ്കരിക്കയും ചെയ്യേണ്ടതു് ഏറ്റവും ആവശ്യമാണു്. അതിനുവേണ്ടിയാണു് ഒരു വിദഗ്ദ്ധകമ്മിറ്റിയെ രൂപീകരിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു്. ഇന്ന നിലവിലിരിക്കുന്ന കമ്മിറ്റിപോലെയൊരു കമ്മിറ്റിയല്ല ഞാൻ ഉദ്ദേശിക്കുന്നതു് എന്നാണു് എനിക്കു വീണ്ടും പറയുവാനുള്ളതു്. പിന്നോക്കസമുദായോദ്ധാരണത്തിന്റെ പേരിൽ നികുതിയടപ്പെടുന്ന ഇക്കഴിഞ്ഞവർഷംതന്നെ ചിലവാക്കുന്നതിനു് പ്രത്യേക പദ്ധതികൾ ഉണ്ടെന്നു തവണ്ടെന്നു പറഞ്ഞുകൊള്ളാം. അവർ പറയും പിന്നോക്കസമുദായോദ്ധാരണത്തിനുവേണ്ടി ഒരു ദശവത്സര പദ്ധതിയുണ്ടെന്നു്. എന്നാൽ അതു ഇന്നാവയെയും അതെന്താണെന്നു വ്യക്തമാക്കിട്ടില്ല. പലതും പ്രവർത്തിക്കുന്നുണ്ടെന്നു നാം പത്രങ്ങളിൽ വായിക്കാറുണ്ടു്. ഇന്ന പിന്നോക്കസമുദായസംരക്ഷക ഡിപ്പാർട്ടുമെന്റ് മുഖേന ഈ രാജ്യത്തെ പിന്നോക്കസമുദായക്കാരുടെ ശാശ്വതമായ ഉന്നമനത്തിനുവേണ്ടി അല്പം ചിലതു പ്രവർത്തിക്കുന്നുണ്ടു്. അതിനു ഞാൻ ഗവർമ്മെണ്ടിനെ അനുമോദിക്കുന്നു. വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ ഗവർമ്മെണ്ടിൽനിന്നു വളരെ ശ്രദ്ധകാണിക്കുന്നുണ്ടു്. അതിൽ ഞാൻ ഗവർമ്മെണ്ടിനെ

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. K. Krishnan Sastri]

ഏറ്റവും അനുമോദിക്കുവാൻ തയാറാണു്. അവരുടെ സാമ്പത്തികമായും സാമൂഹ്യമായുമുള്ള ഉയർച്ചക്കുവേണ്ടി ഇന്നു ഗവമ്മെണ്ടു പ്രവത്തിക്കുന്നില്ല എന്നുള്ളതാണു് എനിക്കു പറയാനുള്ളതു്.

പിന്നീടു് എനിക്കു അറിയിക്കുവാനുള്ളതു് കർഷകവൃത്തിയിലും നിർമ്മാണപരമായ പദ്ധതികളിലും ഇന്നു് ഇവർ ഏർപ്പെട്ടിട്ടുണ്ടു്. കഴിഞ്ഞവർഷം ഈ ജോലിയിൽ ഏർപ്പെട്ടിരുന്നവർക്കു് ഡിപ്പാർട്ടുമെൻറുമുഖേന കെട്ടിടങ്ങൾ പണിയിപ്പിച്ചുകൊടുത്തിട്ടുണ്ടു്. ൨ ൦ ൦ രൂപാ മുതൽ ൨ ൫ ൦ രൂപാവരെയാണു് ഒരു കെട്ടിടത്തിനുവേണ്ടി ചിലവാക്കിയിട്ടുള്ളതെന്നും കേൾക്കുന്നു. പല സ്ഥലത്തും ഇതിനകം കെട്ടികൊടുത്ത കെട്ടിടങ്ങൾ നശിച്ചു എന്നുംഅറിയുന്നു. അവയിൽ ചിലതെല്ലാം എനിക്കു കാണുവാനും കഴിഞ്ഞിട്ടുണ്ടു്. ബഹുമാനപ്പെട്ട മന്ത്രിതന്നെ അതെല്ലാം ഒന്നു പോയിനോക്കുന്നതു വളരെ സഹായകമായിരിക്കും. ഈ വീടില്ലാത്തവർക്കു് അതു ശാശ്വതമായ നിലയിൽ അവക്കു് പ്രയോജനപ്പെടുന്ന നിലയിൽ ഉണ്ടാക്കികൊടുക്കാനുള്ള പദ്ധതി ഇന്നു് ഗവമ്മെണ്ടു് അംഗീകരിക്കുന്നതു് വളരെ സഹായകരമായിരിക്കും. ഗവമ്മെണ്ടിൻെറ ഗൃഹനിർമ്മാണപദ്ധതി വേറെയൊന്നുണ്ടു്. അതിൽ ഒരു വീടിനു ൫, ൦ ൦ ൦ രൂപയാണെന്നുകേൾക്കുന്നു. എന്നാൽ ഈ പാവപ്പെട്ടവർക്കും ഈ രൂപത്തിലുള്ള വീടുകളുണ്ടാക്കികൊടുക്കാത്തതു എന്തുകൊണ്ടാണു്. എന്തിനു ഈ രണ്ടുമാതിരി വീടു് എന്നു ഞാൻ വിനീതമായി ചോദിക്കുന്നു.

ഇന്നു് ഇൻഡ്യൻ ഭരണഘടന നിലവിലിരിക്കുന്നതിൽതന്നെ പിന്നോക്കജാതിക്കാർക്കു് പത്തുവർഷത്തെ രക്ഷാവ്യവസ്ഥ ഉറപ്പു നൽകിയിട്ടുണ്ടു്. സാമ്പത്തികമായും സാമൂഹ്യമായും മറ്റു സമുദായങ്ങളോടൊപ്പം എത്തത്തക്കവണ്ണം ഒരു നില അവശസമുദായക്കാർക്കു് ഉണ്ടാക്കുന്നതിനു് ഒരു പ്രത്യേക പദ്ധതി തന്നെ ആവശ്യമാണു്. ആ പദ്ധതി ഉണ്ടാക്കേണ്ടതു് ഗവമ്മെണ്ടിൻെറ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കടമയാണു്. ഇന്നു് പിന്നോക്കസമുദായത്തിൽപ്പെട്ട വ്യക്തികൾക്കോ സംഘടനകൾക്കോ അവരുടെ കാര്യത്തെപ്പറ്റി പഠിച്ചു പറയുവാൻ സാധിച്ചു എന്നു വരികയില്ല. അതുകൊണ്ടു പിന്നോക്കസമുദായക്കാരെപ്പറ്റി പഠിച്ചിട്ടുള്ളവരും അന്വേഷിച്ചിട്ടുള്ളവരും അടങ്ങിയ ഒരു കമ്മിറ്റി ഒരു റിപ്പോർട്ടു സമർപ്പിക്കുന്നപക്ഷം അതു വളരെ പ്രയോജനകരമായിരിക്കും എന്നുള്ളതിനു യാതൊരു സംശയവുമില്ല. അങ്ങിനെ ഒരു കമ്മിറ്റി രൂപീകരിക്കുന്നകാര്യം ഗവമ്മെണ്ടു ശ്രദ്ധിക്കണമെന്നുള്ള എൻെറ ഈ പ്രമേയം കൊണ്ടുദ്ദേശിക്കുന്നതു് ബഹുമാനപ്പെട്ട സഭസു് അനുകൂലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മറ്റൊന്നു എനിക്കു പറയുവാനുള്ളതു പിന്നോക്കസമുദായക്കാരുടെ ഉദ്യോഗകാര്യമാണു്. ഇന്നത്തെ ഗവമ്മെണ്ടു് എതു പേരെ എവിടെയെല്ലാം നിയമിച്ചാലും അതും ചോദിക്കാനില്ല. എന്നാൽ പിന്നോക്കസമുദായക്കാരെ നിയമിക്കാനുമില്ല. സബ്ജീസ്സിലിരുന്നവരെ പിരിച്ചുവിടുന്നതിനും അവരെ എതു വിധേനയും അലട്ടുന്നതിനു ഇന്നത്തെ ഗവമ്മെണ്ടിനു യാതൊരുമടിയുമില്ല. ഈ നില ഏറ്റവും സങ്കടകരമെന്നല്ലാതെ മറ്റൊന്നും പറയാനില്ല. എന്നാൽ ഈ ഗവമ്മെണ്ടു സഹകാര്യ സാദ്ധ്യത്തിനു് ചില വ്യക്തികളെ പ്രീണിപ്പിക്കുവാൻ പലതും ചെയ്തുകൊടുത്തുവരുന്നുണ്ടു്. ഇതും ആശാസ്യമായ ഒന്നല്ല. സാമൂഹ്യമായ പുരോഗതിക്കായി ഈ ഗവമ്മെണ്ടു് യാതൊന്നും പ്രവത്തിക്കുന്നില്ല. അതിനുള്ള സമയവും അവക്കില്ലതന്നെ. ഈ നില മാറുന്നതിനും ഈ വിഭാഗകമ്മിറ്റിയുടെ റിപ്പോർട്ടു് സഹായകമായിരിക്കും. അതുകൊണ്ടു് ഈ പ്രമേയത്തിനു ബഹുമാനപ്പെട്ട സഭയുടെ ഹാർദ്ദവമായ പിൻതുണ ഉണ്ടാകുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതോടുകൂടി മറെറാരുകാര്യംകൂടി എനിക്കു പറയാനുള്ളതു് പിന്നോക്കസമുദായക്കാരുടെ കാര്യം വരുമ്പോൾ ഇന്നത്തെ ഗവണ്മെണ്ടു് ഒരു ഉദാസീനമനോഭാവമാണു് കൈക്കൊണ്ടിരിക്കുന്നതു് എന്നാണു്. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ പിന്നോക്കസമുദായക്കാരെ സംബന്ധിക്കുന്നതായ ഒരു പ്രമേയംഅവതരിപ്പിക്കയുണ്ടായി. ആ നല്ല കാര്യത്തെപ്പററി അനുകൂലിച്ചു പല വ്യക്തികളും ഇവിടെ സംസാരിക്കയുണ്ടായി. അവസാനത്തിൽ ഒരു മറുപടിയായി ഒരു വാക്കുപോലും പറയാൻ ഈ ഗവണ്മെണ്ടിനു സന്മനസ്സുണ്ടായില്ല. ഇതു് അതുപോലെ കലാശിക്കയില്ലേ എന്നു ഞാൻ സംശയിക്കുന്നു. എതായാലും ഈ പ്രമേയത്തിന്റെ അംഗീകാരത്തിനായി ഞാൻ ഈ പ്രമേയം സമർപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. സി. അബ്ദിച്ചൻ: സർ, എന്റെ സ്നേഹിതൻ ശ്രീ. പി.കെ. കൃഷ്ണൻ ശാസ്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. പ്രമേയം അവതരിപ്പിച്ചുകൊണ്ടു് അദ്ദേഹം പ്രസംഗിച്ചപ്പോൾ ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ അതു ശ്രദ്ധിക്കാതെ എന്തോ സംസാരിച്ചുകൊണ്ടിരിക്കുന്നതു കണ്ടു. അതിനെപ്പററിത്തന്നെയാണോ അദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നതെന്നു് എനിക്കു നിശ്ചയമില്ല. ഞങ്ങളുടെ പരാതികൾ കേൾക്കേണ്ടതു് മുഖ്യമന്ത്രി തന്നെയാണു്. അതുകൊണ്ടു് ഞാൻ സംസാരിക്കുമ്പോഴെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതു ശ്രദ്ധിച്ചു കേൾക്കണമെന്നു് അപേക്ഷിക്കുന്നു. സർ, ഈ മാതിരിയുള്ള പ്രമേയങ്ങൾ എന്തിനാണു് ഇവിടെ അവതരിപ്പിക്കുന്നതു്? ആരുടെ മുമ്പിലാണു് ഇതു് അവതരിപ്പിക്കുന്നതു്? ഈ സംസ്ഥാനത്തെ അൻപതും ഇരുപത്തിയഞ്ചും ആയിരം ജനങ്ങളുടെ പ്രാതിനിദ്ധ്യം വഹിക്കുന്ന സഭയിലെ അംഗങ്ങളുടേയും ഈ സഭയിലെ അംഗങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട മന്ത്രിപദത്തിലേക്കു് ഉയർത്തപ്പെട്ടിട്ടുള്ള ഭരണാധികാരികളുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണു് ഈ മാതിരിയുള്ള പ്രമേയങ്ങൾ ഇവിടെ അവതരിപ്പിക്കുന്നതു്. ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാരോ, ബഹുമാനപ്പെട്ട മന്ത്രിമാരോ ഹരിജനങ്ങളുടെ ഉന്നമനകാര്യത്തിൽ പ്രതികൂലികളല്ലെന്നു് ഞങ്ങൾക്കറിയാം. പക്ഷെ, അതു് അവർ ഈ നിയമസഭയിൽ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടതിനു മുമ്പായിരുന്നു. ഇനി ഇതു വിട്ടു പോകുമ്പോഴും അവർക്കു് പഴയതാല്പര്യം വീണ്ടും ഉണ്ടായേക്കാം. അതു് അവരുടെ കുറ്റമല്ല. ഈ നിയമസഭാമന്ദിരത്തിനകത്തു കയറി വൈദ്യുത പങ്കകളുടെ കീഴിൽ ഇരുന്നു മന്ദമാരുതൻ ഏല്ക്കുമ്പോൾ അവർ അതു മറന്നുപോകുന്നതു അവരുടെ കുറ്റമല്ല. ഒരു സാഹിത്യകാരൻ ഇതിനെപ്പററി ഇങ്ങിനെയാണു് പറഞ്ഞിട്ടുള്ളതു്. "മനുഷ്യമാമരത്തിന്റെ ഉന്നതശാഖകളിലെ ഭൂസമൂഹങ്ങളുടെ ഇടയിൽ വികസിച്ചു നില്ക്കുന്ന വികസിത സുമങ്ങളിൽനിന്നു പുറപ്പെടുന്ന പരിമളധോരണി നാസാരന്ധ്രം വഴി അങ്ങനെ കടന്നുപോകുമ്പോൾ" ഇതെല്ലാം അവർ താനെ മറന്നുപോകും. ഇപ്പോൾ ഞാൻ ഒരു പുതിയ പാർട്ടിയിലെ അംഗമാണു്. കഴിഞ്ഞ കൊല്ലം ഞാൻ ഏതൊരു പാർട്ടിയിലെ അംഗമായിരുന്നുവോ ആ പാർട്ടിയിൽനിന്നു് ഞങ്ങൾക്കുണ്ടായിട്ടുള്ള ഒരു അനുഭവത്തെപ്പററിയാണു് ഞാൻ പറയാൻപോകുന്നതു്. അതു കേൾക്കുന്നതു ബഹുമാനപ്പെട്ട മന്ത്രിക്കു് അത്ര സുഖകരമായ ഒരു കാര്യമല്ലെന്നു് എനിക്കു് അറിയാം. എങ്കിലും പറഞ്ഞുപോവുകയാണു്. ഒരു ഉദ്യോഗനിയമനത്തെ സംബന്ധിച്ചു് പാർട്ടിയിലെ എത്രയെത്ര അംഗങ്ങൾ മുഖ്യമന്ത്രിയുടെ തലയിൽ എത്രമാത്രം ശകാരവർഷങ്ങളാണു് പൊഴിച്ചിട്ടുള്ളതെന്നതിനു കണക്കില്ല. അതുപോലെ തന്നെ ഇക്കൊല്ലവും ഏതോ നിയമനത്തെ സംബന്ധിച്ചു പാർട്ടിയംഗങ്ങൾ അദ്ദേഹത്തിന്റെ അതേ! ചീഫ് മന്ത്രിയുടെ മേൽ കുതിരകയറാൻ ചെന്നതായി അറിയുന്നു. സർ, ഞാൻ ചോ

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. C. Adichan]

ടിക്കുന്ന പിന്നോക്ക സമുദായത്തിൽപെട്ട ആർക്കെങ്കിലും ഉദ്യോഗം കൊടുക്കാത്തതിന് ഈ നിയമസഭയിലെ ഏതെങ്കിലും അംഗമോ അല്ലെങ്കിൽ മറ്റാരെങ്കിലുമോ ശകാരവർഷം മുഖ്യമന്ത്രിയുടെ നേർക്ക് പൊഴിക്കാനിടയായിട്ടുണ്ടോ എന്ന്. ഇതാലോചിക്കുമ്പോൾ വാസ്തവത്തിൽ ഞങ്ങൾക്ക വളരെ സങ്കടമാണ് തോന്നുന്നത്. ഹരിജനങ്ങൾക്കുവേണ്ടി ഗവമ്മെണ്ട് ഒന്നും ചെയ്യുന്നില്ലെന്ന് ഞാൻ പറയുന്നില്ല. പലതും ചെയ്യുന്നുണ്ടെന്ന ഞാനും സമ്മതിക്കുന്നു. ബഹു. മന്ത്രിമാർക്ക് അവരുടെ ഉണത്തിനുവേണ്ടി പലതും ചെയ്യാൽകൊള്ളാമെന്നുണ്ട്. പക്ഷെ അവരെ ഒന്നും ചെയ്യാൻ സമ്മതിക്കാതെ യാതനാഭൂതത്തിൽ അലറിയും അട്ടഹസിച്ചും അവരെ വളഞ്ഞിരിക്കയാണ്. ഈ സമ്മേളനാരംഭത്തിൽ രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിനു മറുപടിപറഞ്ഞ അവസരത്തിൽ മുഖ്യമന്ത്രിയും അതിനുശേഷം പല സന്ദർഭങ്ങളിലും ചോദ്യങ്ങൾക്കുത്തരമായി മറ്റു മന്ത്രിമാരും പറഞ്ഞിട്ടുണ്ട്. ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളവും പ്രത്യേക സൌജന്യങ്ങളും പ്രത്യേക കാരുണ്യങ്ങളും ഗവമ്മെണ്ട് അനുവദിച്ചുകൊടുക്കുന്നുണ്ടെന്ന്. ഞാൻ അതു സമ്മതിക്കുന്നു. സർ, പക്ഷെ, അനുവദിച്ചുകൊടുക്കുന്നു എന്ന അർത്ഥത്തിലല്ലാ—ഈ ഗവമ്മെണ്ട് നിയമങ്ങൾ പാസ്സാക്കുമ്പോൾ അവയിൽ അങ്ങനെ ഒരു വാചകംകൂടി ചേർക്കുന്നുണ്ട് എന്ന അർത്ഥത്തിൽ പിന്നോക്കസമുദായക്കാർക്ക് ഭൂമി കൊടുക്കുന്നതിനെപ്പറ്റി ഞാൻ പല പ്പോഴും ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. മുമ്പു ഫ്രീ കൊല്ലംകൊണ്ടു കൊടുത്തതിന്റെയെല്ലാംകൂടെ കണക്കുകൂട്ടി പറയുകയല്ലാതെ അതിനുശേഷം ഒരു സെന്റ് ഭൂമിപോലും അവർക്ക് കൊടുക്കുന്നതിനു ഗവമ്മെണ്ടിനു സന്മനസുണ്ടായിട്ടില്ല. സർ, ഇന്ന എത്രയെത്ര പിന്നോക്കസമുദായകുടുംബങ്ങളാണ് അന്യരുടെ കാരുണ്യത്തിൽ ജീവിക്കുന്നത്. അവർക്കെല്ലാം സ്വന്തമായിട്ട ഭൂമി കൊടുക്കേണ്ടതു് അത്യാവശ്യമല്ലെ എന്ന ഞാൻ ചോദിക്കുന്നു. എന്തിനാണ് സ്വന്ത ഭൂമി വേണമെന്ന് പറയുന്നത്? ആരുടേയും കാരുണ്യംകൂടാതെ ഇഷ്ടംപോലെ താമസിക്കുന്നതിനു മാത്രമല്ല, മരിച്ചാൽ അവരുടെ ശവശരീരങ്ങൾപോലും കഴിച്ചിടുന്നതിനു മാത്രമല്ല, രാഷ്ട്രീയമായി അവർ ഇന്നനുഭവിച്ചുപോരുന്ന പല അവശതകൾക്കും പരിഹാരമുണ്ടാക്കുന്നതിനും അവർക്ക് സ്വന്ത ഭൂമി ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണ്. വോട്ട് സകലരുടേയും ജന്മാവകാശമാണ്. ആ വോട്ട് അവനവന്റെ ഇഷ്ടമനുസരിച്ച് മനസ്സാക്ഷി അനുസരിച്ച് ഉപയോഗപ്പെടുത്താൻ അന്യന്റെ ഭൂമിയിൽ, അന്യന്റെ കാരുണ്യത്തിൽ ജീവിക്കുന്ന ഒരു ആളിനു് സാദ്ധ്യമാണോ എന്നു ഞാൻ ചോദിക്കുന്നു. അന്യന്റെ പറമ്പിൽ കിടക്കുന്ന ഒരാൾ സ്വന്തം ഇഷ്ടമനുസരിച്ച് ണയാളുടെ വോട്ട് വിനിയോഗിച്ചുവെന്നിരിക്കട്ടെ. എന്തായിരിക്കും ഫലം? ഏലക്ഷൻ കഴിഞ്ഞാൽ അയാളെ കുടി ഒഴിപ്പിക്കലാവും, അടിപിടിയാകും, കള്ളഹർജികളും കള്ളക്കേസുകളും അനവധിയുണ്ടാകും. കേസു നടത്താൻ അവനു പണമുണ്ടോ? സാക്ഷികളെ കിട്ടുമോ? മറ്റെന്തെങ്കിലും സൌകര്യം അവനുണ്ടോ? അവർ ആരുടേയും സഹായം ഇല്ലാതെ, അവന്റെ സങ്കടം കേൾക്കാനും പരിഹാരമുണ്ടാക്കാനും ആരുമില്ലാതെ, അവനും അവന്റെ കുടുംബവും നിരാധാരരായി തെരുവിലാവുകയായിരിക്കും അതിന്റെ ഫലം അതുകൊണ്ട് ജീവിച്ചിരിക്കുമ്പോൾ കുടികെട്ടി താമസിക്കാൻ മാത്രമല്ല, മരിച്ചുശേഷം ശവശരീരം കഴിച്ചിടാൻ മാത്രമല്ല, അവനവന്റെ രാഷ്ട്രീയാവകാശങ്ങൾ ആരേയും ഭയപ്പെടാതേയും, തന്റേടമായും മനസാക്ഷിക്കനുസരിച്ചും ഇഷ്ടംപോലെ ഉപയോഗപ്പെടുത്താനും സ്വന്ത ഭൂമി ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണ്. ഇക്കാര്യം ഗവമ്മെണ്ടിനും അറിയാം. ഹരി

LIBRARY ARCHIVES Kerala Legislative Assembly

രിജനങ്ങൾക്ക് ഭൂമി കൊടുക്കേണമെന്നും അവർക്കാഗ്രഹമുണ്ട്. പക്ഷെ ഏതോ ചില പരിതസ്ഥിതികൾമൂലം അവർക്ക് അതു സാധിക്കുന്നില്ലെന്നേയുള്ളൂ.

പിന്നോക്കസമുദായക്കാരിൽ അധികവുംഅസംഘടിതരായ കർഷകതൊഴിലാളികൾ ആണ്. അവർക്ക് നിശ്ചിതമായ ഒരു കൂലി കിട്ടുന്നതിനുവേണ്ട വ്യവസ്ഥയുണ്ടാക്കാൻ യാതൊരു ബില്ലും ഗവൺമെണ്ടു് ഇതുവരെ നിയമസഭയിൽ കൊണ്ടുവന്നിട്ടില്ല. അവരുടെ സഹകരണസംഘങ്ങളുണ്ട്. ആ സഹകരണ സംഘങ്ങളെ നിയന്ത്രിക്കുന്നതിനും സംഘങ്ങൾക്കുവേണ്ട ഉപദേശം കൊടുക്കുന്നതിനും പിന്നോക്കസമുദായോദ്ധാരണ ഡിപ്പാർട്ട്മെൻറിൽനിന്നും ഇൻസ്പെക്ടറന്മാരെ നിയമിച്ചിട്ടുണ്ട്. എന്നാൽ എത്ര സഹകരണസംഘങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും അവയിൽ എത്ര ആളുകൾ അംഗങ്ങളായിട്ടുണ്ടെന്നും നാം അന്വേഷിക്കേണ്ടതാണ്. അസംഘടിതരായ കഷ്കതൊഴിലാളികളെ സഹകരണസംഘങ്ങൾ വഴി സംഘടിപ്പിക്കുന്നതിനു് പ്രാരംഭത്തിൽ ആവശ്യമുള്ള സംഖ്യകൾ ഗവൺമെണ്ടിൽനിന്നും ചെലവുചെയ്തു് എത്രകൊണ്ടു് രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും സംഘങ്ങൾ രൂപീകരിക്കാൻ സാധിക്കുന്നില്ല എന്നു് ഞാൻ ചോദിക്കുന്നു. ഇതൊന്നും ഗവൺമെണ്ടിനു അറിയാൻ പാടില്ലാത്തതല്ല. ഗവൺമെണ്ടു ചെയ്യുന്നില്ലെന്നേയുള്ളൂ. അങ്ങിനെ ചെയ്യാതിരിക്കുന്നതു് വളരെ സങ്കടമാണെന്നു മാത്രമേ എനിക്കു് പറയാനുള്ളൂ.

മറെറാന്നു് എനിക്കു പറയാനുള്ളതു് പിന്നോക്ക സമുദായക്കാക്കു് കൃഷിക്കു സ്ഥലങ്ങൾ കൊടുക്കുന്നതിനെപ്പററിയാണു്. പിന്നോക്ക സമുദായക്കാക്കു് പല സ്ഥലങ്ങളിലും സൗജന്യവ്യവസ്ഥയിൽ കൃഷിക്കു് സ്ഥലം വിട്ടുകൊടുത്തിട്ടുണ്ടെന്നു് മുഖ്യ മന്ത്രി പറയുകയുണ്ടായി. കന്യാകുമാരി മുതൽ ചിറയ്ൻകീഴുവരെയുള്ള എല്ലാ സ്ഥലങ്ങളും മനസ്സിൽ വച്ചുകൊണ്ടാണു് അദ്ദേഹം അതു് പറയുന്നതു്. അതു തന്നെ മനസ്സിൽ വച്ചുകൊണ്ടാണു് ഞാനും പറയുന്നതു്. പിന്നോക്ക സമുദായക്കാക്കു കൊടുക്കാൻ പന്ത്രണ്ടര ശതമാനമാണു് നീക്കി വച്ചിരിക്കുന്നതു്. ഞാൻ ഈനിയമസഭയിൽ ആവത്തിച്ചാവത്തിച്ചു് ചോദിച്ചിട്ടുണ്ടു്. പിന്നോക്കസമുദായക്കാക്കു് കൃഷിക്കുകൊടുത്ത സ്ഥലങ്ങൾ ചിലതു് ഇപ്പോൾ ആരുടെ കൈവശമാണെന്നു് ഗവൺമെണ്ടു് അന്വേഷിച്ചിട്ടുണ്ടോ എന്നു്. ആ ഭൂമികളിൽ ഭൂരിഭാഗവും മറെറാള്ളവർ കൈക്കലാക്കിയിട്ടില്ലേ എന്നു് സി. ഐ. ഡി. മുഖാന്തിരം ഒരന്വേഷണം നടത്തണമെന്നു് ഞാൻ പല പ്രാവശ്യം ഗവൺമെണ്ടിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. പന്ത്രണ്ടു കൊല്ലത്തേക്കാണു് ഭൂമി കൊടുക്കുന്നതു്. എന്തിനാണു് ഈ പന്ത്രണ്ടുകൊല്ലമെന്നു് വച്ചിരിക്കുന്നതെന്നു് നാം ആലോചിക്കണം. ഭൂമി കൊടുക്കുന്നവർക്കു് അവിടെകൂടികെട്ടി താമസിക്കാൻകൂടി പ്രയോജനപ്പെടണമെന്നുള്ള ഉദ്ദേശത്തിലാണു് പന്ത്രണ്ടുകൊല്ലത്തേക്കു് കൊടുക്കണമെന്നു വച്ചിരിക്കുന്നതു്.

ഈ അവസരത്തിൽ മറെറാരു കാര്യംകൂടെ സഭയുടെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നലെ എനിക്കു് കിട്ടിയ ഒരെഴുത്തിൽ പത്തനംതിട്ട താലൂക്കിലെ വനം കൃഷിക്കാരനായ ഒരു പിന്നോക്ക സമുദായക്കാരനെ ഗവൺമെണ്ടിലേക്കു് നെല്ലുകൊടുത്തില്ലെന്ന കാരണത്താൽ അറസ്റ്റു് ചെയ്യുമെന്നു് ഭയപ്പെടുത്തുന്നതായി പറഞ്ഞിരിക്കുന്നു. കഴിഞ്ഞ ദിവസം വനത്തിൽ കൃഷിചെയ്യുന്ന ഓരാൾക്കു് കൃഷിച്ചെലവിനു് നെല്ലു് അനുവദിക്കുന്നതിനെ സംബന്ധിച്ചു് ഞാൻ ഒരു ഉപചോദ്യം ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി ഏക്കറിനു് ൨൫ പറയാണു് കൃഷിച്ചെലവിനും വിത്തിനുമായി അനുവദിച്ചിട്ടുള്ളതെന്നു്. ഗവൺമെണ്ടു നെല്ലെടുക്കുന്നതു് ഉള്ളവനിൽനിന്നെടുത്തു് ഇ

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. C Adichan]

ല്ലാത്തവനു് കൊടുക്കാനാണു്. എന്നാൽ ഇപ്പോൾ ഗവമ്മെണ്ടു ചെയ്യുന്നതു് എന്താണു്? ഇല്ലാത്ത കുറെ ആളുകൾ കൃഷിചെയ്യുന്നു. അതു പിടിച്ചെടുത്തു മറ്റുള്ളവർക്കു് കൊടുക്കുകയാണു് ഗവമ്മെണ്ടു് ചെയ്യുന്നതു്. കൃഷിചെയ്യുന്ന സാധുക്കൾക്കു് ആവശ്യമുള്ളതു് കഴിച്ചിട്ടു് ബാക്കിവേണം ഗവമ്മെണ്ടു് എടുക്കാൻ. ഉദ്യോഗസ്ഥന്മാർ ഭയപ്പെടുത്തുകയായിരിക്കാം. എന്തായാലും ഇങ്ങനെ ഭയപ്പെടുത്തി ഉദ്യോഗസ്ഥന്മാർ ധാരാളം കൈക്കൂലി വാങ്ങിവരുന്നുണ്ടു്. മറ്റൊരു സ്ഥലത്തു് ഒരു പ്രവൃത്തികാർ ഒരു രൂപയുടെ നെല്ലു് വില്ലിച്ചു് കൈക്കലാക്കിയ വിവരം എനിക്കറിയാം. ഇത്തരം ഉദ്യോഗസ്ഥന്മാരിൽനിന്നും സാധുക്കളായ പിന്നോക്കസമുദായക്കാർക്കു് പല വിധത്തിലുമുള്ള ഉപദ്രവങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന പരമാർത്ഥം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

അടുത്തതായി എനിക്കു് പറയാനുള്ളതു് വീടുണ്ടാക്കികൊടുക്കുന്ന കാര്യത്തെപ്പറ്റിയാണു്. അതിനെക്കുറിച്ചു് എന്റെ സ്നേഹിതൻ പറഞ്ഞുകഴിഞ്ഞു. അതെല്ലാം ആവർത്തിക്കണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. കെട്ടിടം കെട്ടി ഒന്നോ രണ്ടോ മാസം കഴിയുമ്പോൾ അവ താനെ പൊളിഞ്ഞു പോവുകയാണു് ചെയ്യുന്നതു്. ഞാൻ ഇതെല്ലാം മുഖ്യമന്ത്രിയോടാണു് പറയുന്നതു്. രണ്ടു തരം വീടുകൾ ഉണ്ടാക്കുന്നുണ്ടു്. ഇരുന്നൂറും, ഇരുന്നൂറമ്പതും രൂപയ്ക്കു് ഒരുതരം വീടുകൾ; ആയിരവും ആയിരത്തിയഞ്ഞൂറും രൂപയ്ക്കു് പിന്നൊരുതരം വീടുകൾ. ആദ്യത്തെ ഇനത്തിൽപ്പെട്ടവയാണു് ഒന്നോ രണ്ടോ മാസം കഴിയുമ്പോൾ പൊളിഞ്ഞു പോകുന്നതു്. രണ്ടാമത്തെ ഇനത്തിൽ പെട്ടതു് എന്നും നിലനില്ക്കുന്നു. സർ, എന്തിനാണു് ഇങ്ങിനെ രണ്ടുതരം വീടുകളുണ്ടാക്കുന്നതു്? ഇതുവരെയായി പിന്നോക്കസമുദായത്തിൽപ്പെട്ട ആരെക്കെങ്കിലും രണ്ടാമതു പറഞ്ഞതരത്തിൽ ഉള്ള വീടുണ്ടാക്കി കൊടുത്തിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. അതിന്റെ യഥാർത്ഥകാരണമെന്താണെന്നു് എനിക്കു് അറിഞ്ഞുകൂടാ. സ്ഥലം കിട്ടുന്നില്ലെന്നാണു് സാധാരണ പറയാറുള്ള ഒരു സമാധാനം. എന്നാൽ പല താലൂക്കുകളിലും ഗവമ്മെണ്ടിന്റെ കൈവശംതന്നെ അനവധി ഏക്കർ ഭൂമി സൌകര്യമായി ഇരിപ്പുണ്ടെന്നു് എനിക്കറിയാം. മാവേലിക്കര, കുന്നത്തൂർ, കൊട്ടാരക്കര, കൊല്ലം മുതലായ താലൂക്കുകളിൽ സൌകര്യമായ ധാരാളം സ്ഥലം കിടപ്പുണ്ടെന്നു എനിക്കുനേരിട്ടറിയാം. ഒരുടേയുംഭൂമി കൈവശപ്പെടുത്തേണ്ടആവശ്യമില്ല; ഗവമ്മെണ്ടു ഭൂമിതന്നെ കിടപ്പുണ്ടു്. എന്നിട്ടും ഗവമ്മെണ്ടു പറയുന്നതു് സ്ഥലം കിട്ടുന്നില്ലെന്നും, എവിടെയെങ്കിലും കിട്ടുമോ എന്നു് അന്വേഷിച്ചുകൊണ്ടിരിക്കയാണെന്നുമാണു്. ഇതു് ഹരിജനങ്ങൾക്കു് വളരെ സങ്കടമാണു്. മാവേലിക്കര താലൂക്കിൽ തന്നെ കൊടുശ്ശനാട്ടു് മുപ്പതു് ഏക്കറോളം ഭൂമി സൌകര്യമായി ഗവമ്മെണ്ടിന്റെ കൈവശത്തിലിരിപ്പുണ്ടു്. ഗവമ്മെണ്ടിന്റെ ഭവനനിർമ്മാണപദ്ധതികൊണ്ടു പിന്നോക്കസമുദായത്തിൽപ്പെട്ട കർഷകതൊഴിലാളികൾക്കു് യാതൊരു പ്രയോജനവുമുണ്ടായിട്ടില്ലെന്നു പറയേണ്ടിവന്നതിൽ എനിക്കു് വളരെ കുണ്ഠിതമുണ്ടു്. അവർ അസംഘടിതരാണു്. അവർക്കു് മുദ്രാവാക്യങ്ങൾ മുഴക്കാനോ, പ്രക്ഷോഭണം കൂട്ടാനോ, വാരികുന്തങ്ങളെടുക്കാനോ, സമരം ചെയ്യാനോ കഴിവില്ല. എങ്കിലും അവർ അനവധി തലമുറകളായി മറവുള്ളവരുടെയും നാട്ടിന്റെയും രക്ഷക്കും ഉന്നമനത്തിനും വേണ്ടി വിശ്രമം അറിയാതെ പണിയെടുത്തു പോരുന്നവരും യാതന അനുഭവിച്ചു പോരുന്നവരുമാണെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിമാരും ഈ സഭയിലെ മറ്റംഗങ്ങളും വിസ്മരിച്ചു കൂടാത്തതാണു്. പക്ഷെ അവരുടെ കാര്യം വിസ്മരിച്ചിട്ടു, ഇങ്കിലാബ് വിളിക്കുന്നവ

LIBRARY ARCHIVES Kerala Legislative Assembly

രുടേയും, പ്രക്ഷോഭണാട്ടഹാസങ്ങൾം മുഴക്കുന്നവരുടേയും, വാരികുന്തമെടുക്കുന്നവരുടേയും കായ്യം മാത്രമേ ഗവമ്മെണ്ടു ശ്രദ്ധിക്കുന്നുള്ളുവെന്നു കാണുന്നതിൽ ഞങ്ങൾക്കു ശക്തിയായ പ്രതിഷേധമുണ്ടു്. പിന്നോക്കസമുദായോദ്ധാരണമന്ത്രി വേറെയുണ്ടെങ്കിലും ഞാൻ ഇതെല്ലാം പറയുന്നതു് ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയോടാണു്. സർ സി. പി. രാമസ്വാമി അയ്യർ ദിവാൻജിയായിരുന്ന കാലത്തു ഇവിടത്തെ നിയമസഭയിൽ ഒരു മെമ്പറായിരുന്ന ശ്രീ. ടി. സി. കേശവപിള്ള എന്നൊരാളുണ്ടായിരുന്നു. "ബഹുമാനപ്പെട്ട സ്വാമി ഒന്നു കണ്ണുരുന്നാൽ എല്ലാ കായ്യങ്ങളും സാധിക്കു"മെന്നു് അദ്ദേഹം പറയാറുണ്ടായിരുന്നു. അതുപോലെ ഞാനും പറയുകയാണു്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നു കണ്ണുരുന്നാൽ ഇതെല്ലാം സാധിക്കുമെന്നു്. പക്ഷെ, അദ്ദേഹം കണ്ണുരുന്നിരിക്കുകയാണെന്നു് പറഞ്ഞേക്കാം. അതു് ഒരു മായാവിദ്യയാണു്. ആ ഉറുപ്പിനു് ഒരർത്ഥവുമില്ല.

പട്ടിക ജാതിക്കാരുടെ സാമ്പത്തികമായ മുന്നേറ്റത്തിനു് ഏറ്റവും ഉതകുന്ന മന്നാണു് വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള പിന്നോക്കസമുദായാംഗങ്ങൾക്കു് ഉദ്യോഗങ്ങൾനൽകി പ്രോത്സാഹിപ്പിക്കുക എന്നുള്ളതു്. ഇതു ഗവമ്മെണ്ടു് അംഗീകരിച്ചിട്ടുള്ള ഒരു തത്വമാണു്. പക്ഷെ എത്രപേർക്കു് ഉദ്യോഗം കൊടുത്തു എന്നു ചോദിച്ചാൽ നിയമനം നടത്തുന്നതു് ഗവമ്മെണ്ടല്ലാ പബ്ലിക്കു് സർവ്വീസു് കമ്മീഷനാണെന്നു് പറഞ്ഞേക്കാം. പിന്നോക്കസമുദായത്തിൽപ്പെട്ട സുരേന്ദ്രൻ എന്നാരാൾം ബി. എൽ. പാസ്സായിട്ടു അഞ്ചു കൊല്ലമായി. അദ്ദേഹത്തിനു ഇതുവരെ ഒരു ഉദ്യോഗം കൊടുക്കാൻ ഗവമ്മെണ്ടിനു കഴിഞ്ഞില്ല. ചിലർക്കു വിഷമമുണ്ടായേക്കാമെങ്കിലും ഞാൻ കായ്യങ്ങൾം തുറന്നു പറയാനുദ്ദേശിക്കുന്നു. അദ്ദേഹം കുസ്തുമതത്തിൽനിന്നു് ഈ അടുത്തകാലത്തു് മാത്രമാണു് ഹിന്തുമതത്തിലേക്കു വന്നതു്. അദ്ദേഹത്തിന്റെ കുടുംബത്തിലെ മറ്റംഗങ്ങൾം ഇന്നും കുസ്ത്യാനികളാണു്. അതുകൊണ്ടു് അദ്ദേഹത്തിനു് ഉദ്യോഗം നൽകുന്ന കായ്യത്തിൽ ഹിന്തുനേതാക്കന്മാരിൽ ചിലർ എതിരാണെന്നു് എനിക്കു് അറിയാം. പക്ഷെ എനിക്കു് അതിൽ പ്രതിഷേധമുണ്ടു്. കുസ്ത്യാനിയായാലും പിന്നോക്കസമുദായത്തിൽപ്പെട്ടവർക്കു് നിവ്വത്തിയുള്ളിടത്തോളം ഉദ്യോഗങ്ങൾം കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം. ഉയന്നസമുദായത്തിലെ കുസ്ത്യാനികളായി എത്രയോ വലിയ ഉദ്യോഗസ്ഥന്മാർ സർവ്വീസിലുണ്ടു്. അതിനെ ആരും എതുക്കുന്നില്ല. പിന്നോക്കസമുദായത്തിൽപ്പെട്ട കുസ്ത്യാനിക്കു് ഉദ്യോഗം കൊടുക്കുന്നതിൽ മാത്രം എന്തിനാണീ എതിർപ്പു് എന്നു് എനിക്കു മനസ്സിലാകുന്നില്ല.

അങ്ങനെയാണെങ്കിൽ ഇന്നുള്ള പലപല സ്ഥാപനങ്ങളിലും ഇരിക്കുന്ന ഉയന്ന ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതല്ലായിരുന്നു. അവർ കുസ്ത്യാനികളാണു്. അതുകൊണ്ടു് അവർക്കു ഉദ്യോഗം കൊടുക്കുവാൻ പാടില്ലായെന്നു് ആരും പറയുന്നില്ല.

ശ്രീ. കെ. കരുണാകരൻ : മന്ത്രിമാർ ഹിന്തുപ്രേമികളാകണമെന്നാണോ മെമ്പർ പറയുന്നതു്?

ശ്രീ. പി. സി. അദ്ദിച്ചൻ : അല്ല. സിറിയൻ കുസ്ത്യാനികൾക്കു് ഉദ്യോഗങ്ങൾം കൊടുക്കാമെങ്കിൽ പിന്നോക്ക കുസ്ത്യാനികൾക്കു് എന്തുകൊണ്ടു് ഉദ്യോഗം കൊടുക്കുന്നില്ല. ഒരു പി. ജെ. സബാസ്റ്റ്യനും. ഒരു സി. ജെ. മാത്യുവിനും മറ്റും ഉദ്യോഗം കൊടുക്കാമെങ്കിൽ എന്തുകൊണ്ടു് പാവപ്പെട്ട ഇവർക്കുകൂടി കൊടുത്തുകൂടാ?

LIBRARY ARCHIVES Kerala Legislative Assembly

[Sri P. C. Adichan]

സർ, ഞാൻ ഉദ്ദേശിച്ചതൊന്നു പറയാം. ഒരു സുരേന്ദ്രനുണ്ട്. ബി. എ., ബി. എൽ. പാസ്സായിട്ടുണ്ട്. അദ്ദേഹം ബി. എൽ. പാസ്സായിട്ട് അഞ്ചുകൊല്ലമായി. ഇതുവരെ ഒരു ഉദ്യോഗം കൊടുക്കുവാൻ ഗവണ്മെണ്ടിനു കഴിഞ്ഞിട്ടില്ല. അതുപോലെ പോലീസ് സബ്ഇൻസ്പെക്ടരായി നിയമിക്കുവാൻ ഒരാൾ അപേക്ഷിച്ചു. നിയമിച്ചില്ല. എനിക്കറിയാം, ഇനിയും ചില നിയമനങ്ങൾ നടന്നേക്കുമെന്ന്. ധൃതഗതിയിലുള്ള നിയമനങ്ങൾ ഒരുപക്ഷെ ഇനി നടന്നേക്കാം. അക്കൂട്ടത്തിൽ പാവപ്പെട്ട പിന്നോക്കസമുദായക്കാരുടെ കാര്യം വിസ്മരിക്കരുതെന്നുമാത്രമെ എനിക്കു പറയാനുള്ളൂ. അതുപോലെ ഇപ്പോൾ ഡിപ്പാർട്ട്മെണ്ടിലിരിക്കുന്നവർക്കു ശരിയായ പ്രമോഷൻ കൊടുത്തു അവരുടെ നില ഉയർത്തേണ്ടതുമാണ്.

സർ, ഹിന്ദുക്കൾക്കുമാത്രം കൊടുക്കണമെന്നല്ല ഞാൻ പറയുന്നത്. ക്രസ്ത്യാനികൾക്കും കൊടുക്കണം. പക്ഷെ, പിന്നോക്കസമുദായക്കാരെ നോക്കി കൊടുക്കണം. ഏതെങ്കിലും ഒരാൾ ഒരു മുൻസിഫോ മജിസ്ട്രേട്ടോ ആയി നിയമിക്കപ്പെട്ടാൽ അയാൾക്കു ശമ്പളം കിട്ടും, അയാളുടെ കുഞ്ഞുകുട്ടികളും അയാളെ ആശ്രയിച്ചു കഴിയുന്നവരും മുൻപോട്ടുവരും. ഇതു കണ്ടുകഴിഞ്ഞാൽ മറ്റുള്ളവരും ആ നിലയിൽ ഉന്നതിക്കായി ശ്രമിച്ചു തുടങ്ങും. പക്ഷെ ഇതിനു പ്രത്യക്ഷമായ ഒരു ദൃഷ്ടാന്തമുണ്ട്. ഈ നിലയിൽ കാര്യങ്ങൾ മുൻപോട്ടു തുടർന്നുകൊണ്ടുപോകുകയാണെങ്കിൽ പിന്നെ ഇവിടെ കൺവർഷൻ സാദ്ധ്യമല്ലെന്നുവരും. അതുകൊണ്ട് ഹരിജനങ്ങൾക്ക് സുസ്ഥിരമായ സാമ്പത്തികാഭിവൃദ്ധി നൽകുന്ന വിഷയത്തിൽ ഒരു കൂട്ടർക്ക് അനാസക്തി കാണുന്നതിൽ അത്ഭുതമില്ല. മറ്റൊരു കൂട്ടർക്കാകട്ടെ, തങ്ങൾക്ക് കിട്ടുവാനുള്ള അവകാശങ്ങൾകൂടി ഇവർ കരസ്ഥമാക്കുന്നല്ലൊ എന്നാണ് സങ്കടം. അതുകൊണ്ട് ഇക്കാര്യത്തിൽ ഹിന്ദുക്കളായാലുംശരി, ക്രസ്ത്യാനികളായാലുംശരി ഉയർന്ന വിഭാഗത്തിലുള്ളവർക്ക് ഒരു യോജിപ്പാണ് കാണുന്നത്. ഞാൻ പറയുന്നതു ഹരിജനങ്ങൾ ഹിന്ദുക്കളായാലും ക്രസ്ത്യാനികളായാലും പ്രോത്സാഹിപ്പിക്കപ്പെടേണ്ടവരാണ്. ഗവണ്മെണ്ട് അവർക്കു ശരിയായ പ്രോത്സാഹനം നല്കണം.

അടുത്തതായി സാമൂഹ്യനിലയെപ്പറ്റിയാണ് എനിക്കു പറയുവാനുള്ളത്. ഇന്നു അവരുടെ സാമൂഹ്യനില മട്ടംതന്നെ അഭിവൃദ്ധിപ്പെട്ടിട്ടില്ല. ഒരാദിച്ചനൊ, ഒരു ശാസ്ത്രിയൊ, ഒരച്യുതനൊ ഈ സഭയിൽ ഉണ്ടായി എന്നുവച്ച് അവർക്ക് എത്ര മേന്മയാണുള്ളത്? അവരുടെ സാമൂഹ്യനിലയെ ഉയർത്തുവാൻ ഞങ്ങൾക്ക് എന്തുചെയ്യുവാൻ കഴിയും? എത്രയോ കാലമായി ഗവണ്മെണ്ട് ഇവരുടെ സാമ്പത്തികവും സാമൂഹ്യവുമായ നിലയെ അഭിവൃദ്ധിപ്പെടുത്തുവാൻ പരിശ്രമിച്ചുവരുന്നുണ്ട്. എന്നിട്ട് എന്തു ഫലം? ഉയർന്ന നിലയിലുള്ള അനവധി നായന്മാരും ക്രസ്ത്യാനികളും ഈഴവരും ഈ നാട്ടിലുണ്ട്. ഒരൊറ്റ ഹരിജനമെങ്കിലുമുണ്ടോ? നേരാംവണ്ണം കഞ്ഞികുടിച്ചു കിടക്കുന്ന ഒരെണ്ണമെങ്കിലും ഈ രാജ്യത്തുണ്ടോ? ഗവണ്മെണ്ടിന്റെ നയം ഇവരെ ഇങ്ങനെ എന്നും നയിച്ചുകൊണ്ടുപോകണം, ഇവർ ശബ്ദമുണ്ടാക്കാതെ കഴിച്ചുകൂട്ടണം എന്നുമാത്രമാണ്. മഞ്ഞുകാലത്ത് അടുപ്പിന്റെ ചുവട്ടിൽ കഴിച്ചുകൂട്ടിയും രാത്രികാലങ്ങളിൽ മുറ്റത്തുകിടന്നും ദിവസങ്ങൾ പോക്കിവരുന്ന ഇവരെ വളരെ അനുകമ്പയോടുകൂടി ഗണിച്ച് പ്രോത്സാഹിപ്പിക്കുകയും ഇവരെ സംഘടിപ്പിക്കുവാൻ വേണ്ട കാര്യങ്ങൾ നടത്തുകയും ചെയ്യേണ്ട ചുമതല ഗവണ്മെണ്ടിനാണ്. സർ, ഈ നിയമസഭയും പാർട്ടികളുമെല്ലാം പോകും. ഇതെല്ലാം പോയാലും ഹരിജനങ്ങൾ ഇവിടെ വേണം. അടുത്തകാ-

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനെപ്പറ്റിയും നെടുമങ്ങാട്ടും നടന്ന തെരഞ്ഞെടുപ്പുകാലത്തു കാൺഗ്രസുപാർട്ടിയും സോഷ്യലിസ്റ്റ്പാർട്ടിയും ഡെമോക്രാറ്റിക് കാൺഗ്രസുപാർട്ടിയും ഒരുപോലെ ഇവരുടെ വോട്ട ആവശ്യപ്പെട്ടു. ഇവരുടെ വോട്ടെല്ലാം തങ്ങൾക്കു തരണമെന്നു ആവശ്യപ്പെട്ടവർക്കു ഒരു കടമയുണ്ടു്. അവരുടെ സാമ്പത്തികവും സാമൂഹ്യവുമായ നിലയെ ഉയർത്തുവാൻ കഴിവുള്ളതു ചെയ്യുക എന്നുള്ളതാണതു്. അതു രാജ്യത്തിന്റെയും ഒരാവശ്യമാണു്. അതുകൊണ്ടു് മറവുള്ളവർക്കും ഗുണമുണ്ടു്. അതിനാൽ അവരുടെ സാമൂഹ്യനില ഉയർത്തുന്നതിനുള്ള സത്വരനടപടികൾ ഗവൺമെണ്ടു ചെയ്യണം. അവരതു് ചെയ്യും. അതിനുള്ള ഹൃദയം അവർക്കുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു.

Sri. N. D. Jose : Sir, I am in full agreement with the mover of this resolution. I believe that this is a very important resolution as it is concerned with a very large section of our people. Not only do the Depressed Classes form the majority of the agricultural labour in this country but, Sir, they are the real producers of wealth in the State. Therefore, I believe that Government will give sufficient consideration to this resolution. This deserves a great deal of attention. This resolution is only for the appointment of a Committee to draft a plan to raise the economic and social level of those unfortunate brothers in the State. Sir, as it was pointed out, within ten years the Harijans in the State will be losing their special privileges guaranteed to them by the Constitution. That would mean that their economic and social level should be raised before the 10 years have elapsed.

Sir, I feel that their problem is connected with the labour problem in this country. As kisans they have similar problems, similar demands with the industrial labour in this State. I feel Sir, that labour will get full justice only in a socialist society. But that is only the ultimate solution. Meanwhile there are a number of things that any Government should formulate and execute to the advantage of the people. The first thing that should be done as far as the Harijans in the State are concerned is to raise their economic level. Therefore, I would applaud the suggestion put forward by the previous speaker that the Government should enact some legislation after sufficient survey of the agricultural condition of the State to provide minimum agricultural wages. Unless their economic condition is improved, their social condition cannot come up. If their economic condition is improved to a particular level, their educational level can also go up. I suggest in this connection that there should be an adult literacy campaign in this country with the aim to give education to the adult Harijans in this country. I know fully well that this Government has been giving some consideration to the educational uplift of the people. But I should suggest that this is not enough. This does not embrace all the Harijans. This benefit is enjoyed by only a small section of the Harijans. In raising the economic level of the people I would suggest that when land is allotted by Government to the people, they should give sufficient consideration to Harijans. I would suggest that Government should organise co-operatives of Harijans and assign lands to them. Sir, if the economic level and the educational level of Harijans can be sufficiently raised in this State, then it would naturally follow that the social level will also go up. There have been for the past many years several kinds of religious intoleration or social intoleration against these Harijans. In these matters not only Government but also public bodies and leaders have a great part to play. Sir, in conclusion, I would say that as suggested in this resolution Government should institute a committee which would prepare a plan taking into consideration all the Harijans. I suppose that this resolution will be acceptable to this Government.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. അച്യുതൻ : ശ്രീ. കൃഷ്ണൻശാസ്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ എതിർക്കുന്നു. രണ്ടുമൂന്നു കാരണങ്ങൾകൊണ്ടാണു് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നതു്. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ടു് അദ്ദേഹം ചെയ്ത പ്രസംഗത്തിൽനിന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചതു് പിന്നോക്ക സമുദായഡിപ്പാർട്ടുമെണ്ടിനു് ഒരു ഉപദേശകസമിതി ഉണ്ടാകണമെന്നും അല്ലെങ്കിൽ അവക്കു് അഭിവൃദ്ധി ഉണ്ടാവുകയില്ലെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നതായിട്ടാണു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : പിന്നോക്ക സമുദായഡിപ്പാർട്ടുമെണ്ടിനു് ഒരുപദേശകസമിതി വേണമെന്നു് ഞാൻ പറഞ്ഞില്ല.

ശ്രീ. ആർ. അച്യുതൻ : വിദ്വാന്മാരടങ്ങിയ ഒരു സമിതിവേണമെന്നു് അദ്ദേഹം പറഞ്ഞു. അതു് ഉപദേശകസമിതി അല്ലാതെ മറ്റെന്തു് സമിതിയാണു്? ഇന്നു പിന്നോക്കസമുദായ ഡിപ്പാർട്ടുമെണ്ടിനു് ഒരു ഉപദേശസമിതിയുണ്ടു്. അതിൽ ശ്രീ. കൃഷ്ണൻശാസ്ത്രിയും ഒരു മെമ്പറാണു്. ഈ ജനകീയ ഗവമ്മെണ്ടു് വന്നതിനുശേഷം പിന്നോക്കസമുദായ ഡിപ്പാർട്ടുമെണ്ടിന്റെ ഭരണം അത്ര വിപുലപ്പെട്ടിട്ടില്ലെന്നു് ശ്രീ. ശാസ്ത്രി പറയുന്നു. പിന്നോക്കസമുദായ ഡിപ്പാർട്ടുമെണ്ടിന്റെ ഭരണത്തിനായി ജനകീയ മന്ത്രിസഭ വന്നതിനുശേഷം മുൻകൊല്ലങ്ങളിൽ കൊള്ളിച്ചിട്ടുള്ള തുകയെക്കാൾ വളരെ കൂടുതൽ തുക ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു്. ശ്രീ. പട്ടം താണുപിള്ളയുടെ മന്ത്രിസഭയുടെ കാലത്തും മുൻകൊല്ലങ്ങളെ അപേക്ഷിച്ചു കൂടുതൽ തുക പിന്നോക്കസമുദായങ്ങളുടെ ഉദ്ധാരണത്തിനായി ബഡ്ജറ്റിൽ കൊള്ളിച്ചു. അതിനുശേഷംവന്ന മന്ത്രിസഭയുടെ കാലത്തും കൊള്ളിച്ചിട്ടുള്ള തുകയെക്കാൾ വളരെ കൂടുതലായ ഒരു തുക ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണു്. ഈവിധം കൊല്ലങ്ങൾ ചെല്ലുന്തോറും തുക കൂടുതലായി വരികയും ഉദ്ധാരണം കൂടുകയും ചെയ്യുന്നു. സത്യാവസ്ഥ മറച്ചുവച്ചുകൊണ്ടു് ചില ഒച്ചപ്പാടുകൾ ഉണ്ടാക്കിയാൽ പിന്നോക്കസമുദായസംരക്ഷണം ഉയർന്നിലയിൽ കൊണ്ടുവരാൻ സാധിക്കുമെന്നു് എനിക്കു വിശ്വാസമില്ല. ഇന്നു് പിന്നോക്കസമുദായസംരക്ഷണത്തിനുവേണ്ടി ഒരുദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടു്. ആ ഉദ്യോഗസ്ഥന്റെ കീഴിൽ ഓരോ ഡിസ്ട്രിക്കിലും ഫീൽഡ് ആഫീസറന്മാരേയും നിയമിച്ചിട്ടുണ്ടു്. ഇവർ പിന്നോക്കസമുദായക്കാരുടെ ഇടയിൽ സഞ്ചരിച്ചു് അവരുടെ സ്ഥിതിഗതികളറിഞ്ഞു് ഗവമ്മെണ്ടിലേക്കു് റിപ്പോർട്ടയക്കണം. അതിനുവേണ്ട അധികാരങ്ങളും അവകാശങ്ങളും ഗവമ്മെണ്ടു നൽകിയിട്ടുണ്ടു്. ഇതു ന്യായമായി അവക്കു നൽകേണ്ടതാണു്. ഒരു സമിതിയുടെ കാര്യം പറഞ്ഞുകൊണ്ടാണു് ഈ പ്രമേയം അവതരിപ്പിച്ചതു്. ഒരുപദേശകസമിതി വേണമെന്നുള്ളതിനെ തുടർന്നു പിന്നോക്കസമുദായ ഡിപ്പാർട്ടുമെണ്ടിന്റെ വിവിധ വശങ്ങളെപ്പറ്റിയുള്ള ഒരു ചർച്ച ഇവിടെ ഉദിക്കുന്നില്ല. എങ്കിലും പിന്നോക്കസമുദായക്കാർക്കു് സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും മറ്റും വളരെ വളരെ അവശതകൾ ഇവിടെ ഉണ്ടെന്നു് അദ്ദേഹം പറഞ്ഞു. അതു വളരെ വളരെ ശരിയാണു്. പിന്നോക്കസമുദായക്കാർ മാത്രമല്ല, ഈ നാട്ടിൽ അവശതയനുഭവിക്കുന്ന മറ്റു സമുദായക്കാരുമുണ്ടു്. അവരുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉദ്ധാരണത്തിനുവേണ്ടി ഇന്നത്തെ ജനകീയ ഗവമ്മെണ്ടു് ഒഴിച്ചുകൂടാൻ പാടില്ലാത്ത പല പ്രവർത്തനങ്ങളും ചെയ്തുവരുന്നുണ്ടു്. പിന്നോക്കസമുദായങ്ങളുടെ സംരക്ഷണത്തിനായി ഒരു പ്രത്യേക ഡിപ്പാർട്ടുമെണ്ടുണ്ടു്; ഒരു പ്രത്യേക ഉപദേശകസമിതിയുണ്ടു്; എന്നാൽ അതു വേണ്ടപോലെ പ്രവർത്തിക്കുന്നില്ലെന്നുള്ളതു് പരമാർത്ഥമാണു്. വളരെക്കാലമായി അവശതകളനുഭവിച്ചു് വളരെവള

LIBRARY ARCHIVES Kerala Legislative Assembly

രെ താഴ്ത്തപ്പെട്ടിരിക്കുന്ന സമുദായങ്ങളെയെല്ലാം ഉദ്ധരിക്കുവാൻ കുറെ കാലതാമസം വന്നേക്കും. അതുപോലെ അവശതകളനുഭവിക്കുന്നവർ ധാരാളമായി ഇന്നു മറവു സമുദായങ്ങളിലുമുണ്ട്. അവരുടേയും ഉദ്ധാരണത്തിനുവേണ്ടിയുള്ള പല സഹായങ്ങളും ഗവൺമെണ്ടു ചെയ്യുവരുന്നുണ്ട്. സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും സാമ്പത്തികപരമായുമുള്ള കാര്യങ്ങളിൽ പലേ സഹായങ്ങളും ഡിപ്പാർട്ട്മെണ്ടുമുഖേന ചെയ്യുന്നുണ്ട്. ശ്രീ. കൃഷ്ണൻശാസ്ത്രിതന്നെ സമ്മതിക്കുന്നു, വിദ്യാഭ്യാസകാര്യത്തിൽ ഈ ഗവൺമെണ്ടു വന്നപ്പോൾ കൂടുതൽ തുക നീക്കിവെച്ചിട്ടുള്ളതു് സന്തോഷകരമാണെന്നു്.

ഈ ജനകീയ ഗവൺമെണ്ടു വരുന്നതിനുമുമ്പു് ഇവിടെ നടത്തിവന്നതായ ഈ ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചു് ഒന്നോരണ്ടു സംഗതികൾ പറയുവാൻ ഞാനാഗ്രഹിക്കുന്നു. പ്രധാനമായി പിന്നോക്ക സമുദായക്കാരുടെ വിദ്യാഭ്യാസത്തെ മുൻനിറുത്തി പല സ്ഥലങ്ങളിലും വായനശാലകളും നിശാപാഠശാലകളും ഏർപ്പെടുത്തിയതുകൂടാതെ അവരുടെ സാമുദായികസംഘടനകൾക്കു് ഗ്രാൻറും കൊടുത്തിരുന്നു. വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടിയും പല സഹായങ്ങളും ചെയ്തുകൊടുത്തിരുന്നു. ഇന്നാണെങ്കിൽ മുമ്പിലത്തേക്കാൾ ഏറെവും കൂടുതൽ തുക ഗവൺമെണ്ടിൽനിന്നും പിന്നോക്ക സമുദായത്തിന്റെ വിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവെച്ചിട്ടുണ്ടു്. നിർബന്ധവിദ്യാഭ്യാസവും മറവും കൊടുത്തു്, പിന്നോക്കസമുദായത്തെ വിദ്യാഭ്യാസത്തിലേക്കു് തള്ളിവിടുന്ന സമ്പ്രദായം ഡിപ്പാർട്ടുമെണ്ടു മുഖാന്തിരം നടത്തിവരുന്നുണ്ടു്. അതിനുവേണ്ടി പ്രൈവറ സ്കൂളുകൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലും നടത്തിവരുന്നുണ്ടു്. ഇങ്ങിനെ അവശതകളനുഭവിക്കുന്ന സമുദായങ്ങളുടെ ഉദ്ധാരണത്തിനു് ഏറെവും പ്രയോജനപ്പെടാവുന്ന മിക്ക പ്രവർത്തനങ്ങളും ഡിപ്പാർട്ടുമെണ്ടുമുഖേന ചെയ്തുവരുന്നുണ്ടു്. അതിൽ പിന്നോക്കസമുദായം മാത്രമല്ല ; അവശതകളനുഭവിക്കുന്ന മറവു സമുദായക്കാരും ഉൾപ്പെടുന്നുണ്ടു്. അങ്ങിനെയിരിക്കെ ഈ മാതിരിയുള്ള സത്യാവസ്ഥ മാറിവെച്ചുകൊണ്ടു് ഇത്തരം പ്രക്ഷോഭണങ്ങൾ ഉണ്ടാക്കേണ്ട ആവശ്യമുണ്ടെന്നു് എനിക്കു തോന്നുന്നില്ല. പ്രൈവറ സ്കൂളുകളും നിശാപാഠശാലകളുമെല്ലാം പ്രത്യേകം പ്രത്യേകമായി ഡിപ്പാർട്ടുമെണ്ടിൽനിന്നു നടത്തിവരുന്നുണ്ടെന്നു് ഞാൻ പറഞ്ഞുവല്ലൊ. അതെല്ലാം ഗവൺമെൻറിന്റെ പണംകൊണ്ടാണെങ്കിലും കഴിവുള്ളിടത്തോളം ജനങ്ങളുടെ അവശതകൾ പരിഹരിക്കുന്നതിനും അവശതകൾ അന്വേഷിച്ചു കണ്ടുപിടിച്ചു റിപ്പോർട്ടുചെയ്യുന്നതിനുമായിട്ടാണു് ഇങ്ങിനെയൊരു ഡിപ്പാർട്ടുമെണ്ടുതന്നെ പ്രത്യേകം വെച്ചിട്ടുള്ളതു്. ആ ഡിപ്പാർട്ടുമെണ്ടു ചെയ്യുന്ന പ്രവർത്തനങ്ങളിൽ പല കുറവുകളും വന്നുവെന്നുവരാം. അതുണ്ടാകുമെന്നു ഞാനും സമ്മതിക്കുന്നു. അവശതകളനുഭവിക്കുന്ന ആളുകളെ ഉയർത്തുന്നതിനും ഉദ്ധരിക്കുന്നതിനുംവേണ്ടിയുള്ള എല്ലാപ്രവർത്തനങ്ങളും ചെയ്യുവാൻ ചിലപ്പോൾ സാധിച്ചില്ലെന്നും വരാം. അതിനായിട്ടാണു് ഒരു ഉപദേശക സമിതിയെ വെച്ചിട്ടുള്ളതു്. ആ ഉപദേശക സമിതിയിൽ ശ്രീ. കൃഷ്ണൻശാസ്ത്രിയും ഒരു മെമ്പറാണു്. ഉപദേശകസമിതി ശരിയായി കൂടുന്നില്ലെന്നാണു് അദ്ദേഹം പറയുന്നതു്. അങ്ങിനെ യഥാകാലം സമിതി കൂടുന്നില്ലെങ്കിൽ കൂടുന്നതിനുവേണ്ടി നോട്ടീസുകൊടുത്തു് സമിതി വിളിച്ചുകൂട്ടുവാനുള്ള പല വഴികളുമുണ്ടു്. ആ സ്ഥിതിക്കു് അദ്ദേഹം ഇവിടെ ആവശ്യപ്പെട്ട മാതിരി വേറെ ഒരു സമിതിയുടെ ആവശ്യമുണ്ടോ എന്നു ഞാൻ ശങ്കിക്കുകയാണു്. ഡിപ്പാർട്ടുമെണ്ടു മുഖാന്തിരംതന്നെ ഇവിടെയുള്ള അവശതകളനുഭവിക്കുന്ന ആളുകളെ ഉദ്ധരിക്കുന്നതിനു വേണ്ടുന്ന പ്രോൽസാഹനങ്ങളും വളരെയൊക്കെ ഗവൺമെണ്ടു ചെയ്യുന്നുണ്ടെന്നു് എനിക്കു പറയുവാൻ കഴിയും. എന്നാൽ ഇതിനുമു

LIBRARY ARCHIVES Kerala Legislative Assembly

[Sri. R. Achuthan]

മ്പ പിന്നോക്കസമുദായക്കാർ എന്നുപറഞ്ഞാൽ ഏതാണ്ട് എട്ടുപത്തു സമുദായക്കാർ മാത്രമേ ഉൾപ്പെട്ടിരുന്നുള്ളൂ. ഇപ്പോഴാണെങ്കിൽ പട്ടികജാതിക്കാർ എന്നപേരിൽ ഏകദേശം മുപ്പതോളം ജാതിക്കാർ ഈ ഡിപ്പാർട്ട്മെണ്ടിന്റെ സംരക്ഷണയിൽ ഉണ്ട്. മുമ്പ് പുലയൻ, പറയൻ, കുറവർ, വേട്ടുവൻ തുടങ്ങിയുള്ള എട്ടൊൻപതു ജാതിക്കാരുടെ സംരക്ഷണംമാത്രമേ ചെയ്തിരുന്നുള്ളൂ. അതു ഭേദഗതിചെയ്ത പട്ടികജാതി എന്നാക്കിയപ്പോൾ മുപ്പതിലധികം സമുദായം അതിൽ ഉൾക്കൊള്ളുന്നുണ്ട്. കാലം ഇങ്ങിനെ പുരോഗമിച്ചുകൊണ്ടു പോകുകയാണ്. ഇനി കുറെകഴിയുമ്പോൾ നായരും ഈഴവരുമെല്ലാം ഈ പട്ടികയിലെത്തും. അങ്ങിനെവരുമ്പോൾ ഈ സംരക്ഷണം കുറെക്കൂടി പുരോഗമിക്കുമെന്നാണ് എന്റെ വിശ്വാസം. ഉന്നത സമുദായങ്ങളിൽപെട്ട ആളുകളെല്ലാംതന്നെ, ഈ ഡിപ്പാർട്ട്മെന്റ് മുഖാന്തിരമല്ലാതേയും, പിന്നോക്ക സമുദായോദ്ധാരണത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടുകൊണ്ടിരിക്കുന്നുണ്ടെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. എൻ. എസ്സ്. എസ്സ്., എസ്. എൻ. ഡി. പി. തുടങ്ങിയുള്ള പല സ്ഥാപനങ്ങളും ഹരിജനോദ്ധാരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. പക്ഷെ അതെല്ലാം ഭംഗിയായി നടക്കുന്നുണ്ടെന്നു ഞാൻ പറയുന്നില്ല; എങ്കിലും ഇതിനുവേണ്ടി പല സംഘടനകളും പ്രവൃത്തിച്ചുപോരുന്നുണ്ട്. അതുകൊണ്ട് ഈ രാജ്യത്തു് അവശതകളനുഭവിക്കുന്ന സമുദായങ്ങളെയെല്ലാം ഉദ്ധരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും മറ്റു സമുദായങ്ങളിൽ പെട്ടവരുംകൂടി അശ്രാന്തം പരിശ്രമിക്കുന്നുണ്ടെന്നു് എനിക്കു തീർത്തുപറയുവാൻ കഴിയും.

അവശസമുദായോദ്ധാരണത്തെ സംബന്ധിച്ച് ശ്രീ. ആദിച്ചനും ഇവിടെ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞതു്, കൃഷിക്കായി ഭൂമികൾ സർക്കാരിൽനിന്നും പതിച്ചുകൊടുക്കുന്നുണ്ടെങ്കിലും അതു ന്യായമായി അർഹിക്കുന്നവർക്കു കിട്ടുന്നില്ലെന്നാണ്. അദ്ദേഹം ഇതു് ആരോടാണു് പറയുന്നതെന്നോർത്താണ് എനിക്കു് അതിശയം തോന്നുന്നതു്. കൊല്ലം ഡിസ്ട്രിക്ടിൽ സ്ഥലം പതിച്ചുകൊടുക്കുന്ന കാര്യത്തിൽ ഇടപെട്ട പരിശ്രമിക്കുന്നതു് അദ്ദേഹമാണു്. അദ്ദേഹം വനംകൃഷിക്കു കൊടുക്കുന്ന കമ്മിറ്റിയിൽ ഒരംഗമാണ്. അദ്ദേഹം കൊടുക്കുന്ന ഭൂമി മറ്റുള്ളവരുടെ കൈയിൽ അകപ്പെടുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. പിന്നെ അതു കിട്ടുന്നില്ലെന്നു് അദ്ദേഹംതന്നെ പറയുന്നതിൽ ആശ്ചര്യപ്പെടാതെ തരമുണ്ടോ? അതിനുവേണ്ടി ഈ നിയമസഭയിൽവന്നു വാദിച്ചതുകൊണ്ടു് എന്തു കായ്മാണു നടക്കുവാൻപോകുന്നതെന്നു് എനിക്കറിഞ്ഞുകൂടാ.

ശ്രീ. സി. സി. പ്രസാദ്: നടക്കുവാൻ പോകുന്നില്ലെന്നു് അറിയാം. എങ്കിലും പറഞ്ഞേക്കാമെന്നുദ്ദേശിച്ചു് പറയുന്നതാണ്.

ശ്രീ. ആർ. അച്യുതൻ: ഈ മാതിരി അഭിപ്രായക്കാരായ മെമ്പർമാർ ഉള്ളതിനെപ്പറ്റിയും അതിശയിക്കാനില്ല.

എന്റെ അഭിപ്രായത്തിൽ ഉപദേശക സമിതി വേണമെന്നുള്ളതിനെ ഞാൻ എതിർക്കുന്നില്ല. ഇപ്പോൾതന്നെ ഒരു ഉപദേശകസമിതി ഉണ്ട്. ഇതിലേക്കു് ഒരു ഉപദേശകസമിതിയും ഒരു ഡിപ്പാർട്ടുമെണ്ടും ഉള്ളപ്പോൾ അതു മുഖാന്തിരം ഈ രാജ്യത്തെ പിന്നോക്കസമുദായത്തിൽപെട്ട വരെ ഉദ്ധരിക്കുവാൻ കഴിയുമെന്നിരിക്കെ, ശ്രീ. കൃഷ്ണൻശാസ്ത്രി ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവന്നതിന്റെ ആവശ്യമെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. പ്രമേയം അവതരിപ്പിച്ചുകൊണ്ടു് എന്റെ സ്നേഹിതൻ പ്രസംഗിച്ചതു് ഉപദേശകസമിതിയെ മുമ്പിൽവെച്ചുകൊണ്ടാണ്. അത്തരത്തിൽ ഒരു ഉപദേശക സമിതികൂടി ഏർപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു് എനിക്കു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മന്നരണ്ടു സംഗതികൾകൂടി അവസാനമായി പറയണമെന്നു് ഞാനാഗ്രഹിക്കുന്നു. പിന്നോക്കസമുദായത്തിൽപ്പെട്ട ആളുകൾക്കു് ഉദ്യോഗംകൊടുക്കുന്നകാര്യത്തിലും, ഉന്നതവിദ്യാഭ്യാസം സൌജന്യമായി നൽകി ബി. എ. വരെയും പഠിക്കുന്നതിനുള്ള പ്രോൽസാഹനങ്ങൾ കൊടുക്കുന്നകാര്യത്തിലും ഇന്നത്തെ ഗവമ്മെണ്ടു് പല സഹായങ്ങളും ചെയ്യുന്നുണ്ടു്. മുൻകാലങ്ങളിലെ ഗവമ്മെണ്ടുതന്നെയും നമ്മെ ഈ വക കാര്യങ്ങളിൽ സഹായിച്ചുകൊണ്ടിരുന്നിരുന്നു. വളരെ അവശതകളനുഭവിക്കുന്ന സമുദായത്തിലെ പല കുടുംബങ്ങളിലേ അംഗങ്ങൾ ഒരു കാലത്തു മുഴുവൻ ഫീസും കൊടുത്തു പഠിച്ചിരുന്നു. അതെല്ലാം ഇന്നു വളരെ വ്യത്യാസപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് ഈ വക കാര്യങ്ങളിൽ നാം തീരെ കണ്ണടക്കുന്നതു ശരിയല്ല. ഇപ്പോൾ പന്ത്രണ്ടു ലക്ഷം രൂപായാണു് അവശസമുദായോദ്ധാരണത്തിനുവേണ്ടി ഗവമ്മെണ്ടു നീക്കിവെച്ചിട്ടുള്ളതു്. ഈ പന്ത്രണ്ടു ലക്ഷം രൂപായിൽ ഒരു കാശുപോലും ലാപ്സായിപോകാതെ വിനിയോഗിക്കുവാൻ ഉപദേശകസമിതി ഗവമ്മെണ്ടിനെ ഉപദേശിക്കുകയും, ഗവമ്മെണ്ടിനെക്കൊണ്ടു് ഇക്കൊല്ലത്തിൽതന്നെ ചിലവുചെയ്യിക്കുകയും ചെയ്യുന്നതിനുള്ള പരിശ്രമങ്ങൾ ചെയ്യണം. തീർച്ചയായും ഉപദേശക സമിതി വിചാരിച്ചാൽ ഈ സംഖ്യ ലാപ്സായി പോകുകയില്ല. വായനശാലകൾ, നിശാപാഠശാലകൾ വിദ്യാഭ്യാസസഹായങ്ങൾ മുതലായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അതർഹിക്കുന്നവിധം ഭംഗിയായി നടത്തിക്കൊണ്ടുപോയാൽ തീർച്ചയായും ഈ സംഖ്യ മുഴുവൻ പിന്നോക്ക സമുദായക്കാക്കുതന്നെ സിദ്ധിക്കും. അതിനുവേണ്ടി പിന്നോക്ക സമുദായത്തിൽനിന്നും മുന്നോട്ടുവന്നിട്ടുള്ള ആളുകൾ പരിശ്രമിക്കുകയും, ഗവമ്മെണ്ടിനെക്കൊണ്ടു വഴിപോലെ ചെയ്യിക്കുകയും ചെയ്യണം. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. പി. ചാക്കോ: സർ, ഞാൻ ഈ പ്രമേയത്തോടുയോജിക്കുന്നു. ചില കാര്യങ്ങൾ ഈ സഭയുടെ മുമ്പാകെ കൊണ്ടുവരാൻ ആഗ്രഹിക്കുന്നുണ്ടു്. തിരുവിതാംകൂറിൽ ആദിമനിവാസികളെന്നു് പറയപ്പെടുന്നവർ ഇന്നും പിന്നോക്കസമുദായക്കാരായിട്ടാണു് അറിയപ്പെടുന്നതു്. ഇവർ സാംബവർ, ചേരമർ, മുതലായ സമുദായങ്ങളാണു്. ജനസംഖ്യകൊണ്ടും മറ്റും പിന്നോക്കസമുദായങ്ങളായി അറിയപ്പെട്ടവരുന്നതു്. ഇവരുടെ സാമൂഹ്യവും സാമ്പത്തികവുമായ സ്ഥിതിഗതികളെ അന്വേഷിച്ചു് ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയമിക്കണമെന്നാണു് ശ്രീമാൻ കൃഷ്ണൻശാസ്ത്രിയുടെ പ്രമേയം. ഇന്നത്തെ നിലയിൽ ഈ സമുദായത്തിൽപ്പെട്ട ആളുകളുടെ സാമ്പത്തികനിലയും സാമൂഹ്യനിലയും അവരുടെ വിദ്യാർത്ഥികളുടെ നിലയും എന്താണെന്നു് അന്വേഷിച്ചറിയേണ്ടതു്. അത്യാവശ്യംതന്നെയാണു്. ഈ സമുദായങ്ങളുടെ കാര്യങ്ങൾക്കുവേണ്ടി ഇപ്പോൾ നിയമിച്ചിട്ടുള്ള ഒരു കമ്മിറ്റി കഴിഞ്ഞ അതിന്റെ യോഗത്തിൽ ഐകകണ്ഠ്യേന പാസ്സാക്കിയിട്ടുള്ള പ്രമേയം എന്താണെന്നുള്ളതു് എല്ലാവർക്കും അറിയാവുന്നതാണല്ലൊ. ഞാൻ പറയുന്നതു് ഈ സമുദായങ്ങൾമാത്രമല്ല വാസ്തവത്തിൽ പിന്നോക്കം നിൽക്കുന്ന എല്ലാ സമുദായങ്ങളുടേയും കാര്യം അന്വേഷിച്ചു് അറിയേണ്ടതു് അത്യാവശ്യമാണു്. ഇപ്പോൾ പിന്നോക്കസമുദായക്കാരായി കണക്കാക്കിയിരിക്കുന്നതു് ഹിന്ദുക്കളിലെ ചേരമർ, സാംബവർ, മുതലായ സമുദായക്കാരെയാണു്. മറ്റു മതസ്ഥരിലും പിന്നോക്കസമുദായക്കാർ ഉള്ളതാണു്. കൃസ്ത്യാനികളിൽതന്നെ പല അവാന്തര വിഭാഗങ്ങളുള്ളതിൽ പലതുകൊണ്ടും അവശത അനുഭവിക്കുന്ന ചില സമുദായങ്ങളുണ്ടു്. അവരുടെ സാമൂഹ്യസാമ്പത്തിക സ്ഥിതിയേയും അന്വേഷിച്ചറിയേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. അച്യുതൻ: ഒരു കമ്മിറ്റി നിയമിച്ചാൽ ഇതിനു പരിഹാരമുണ്ടാക്കാമോ ?

ശ്രീ. പി. ചാക്കോ: ഏതെങ്കിലും വിധത്തിൽ പരിഹാരമുണ്ടാക്കണമെന്നല്ലാതെ കമ്മിറ്റി നിയമിച്ചതന്നെ പരിഹാരമുണ്ടാക്കണമെന്നു് ഞാൻ പറയുന്നില്ല. ഒരു കാര്യം എനിക്കു് ഇവിടെ പറയുവാനുള്ളതു് ഒരു സമുദായത്തിൽപ്പെട്ട ആളുകൾക്കു് നൽകുന്ന സൗജന്യങ്ങൾ അവർ മതംമാറി എന്നുവച്ചു് നിറുത്താൻപാടില്ലായെന്നാണു്. ഈ സമുദായത്തിൽപ്പെട്ട ആളുകൾക്കു് അവയെ സമ്പാദിക്കുന്നതിനുവേണ്ടി ഒരു പണ്ടുകൊല്ലത്തേക്കു് ഒരു പരിപാടിയുണ്ടാക്കി അതനുസരിച്ചു് പ്രവർത്തനം നടത്തുവാൻ ഇൻഡ്യാഗവൺമെൻറും തിരുവിതാംകൂർ ഗവൺമെൻറും സമ്മതിച്ചിരിക്കുന്നതു്. അങ്ങനെ സർവതോമുഖമായ ഒരു ദീർഘകാല പരിപാടികൊണ്ടുമാത്രമേ ഈ സമുദായങ്ങളുടെ എല്ലാ അവശതകൾക്കും ഒരു പരിഹാരമുണ്ടാക്കുകയുള്ളൂ. പബ്ലിക്കു് സർവീസിൽ അവർക്കു് നിവർത്തിയുള്ളടത്തോളം പ്രാതിനിധ്യം നൽകി അവരെ സഹായിക്കേണ്ടതാണു്. എക്സിക്യൂട്ടീവ് ആയിട്ടുള്ള ഉദ്യോഗങ്ങൾക്കു് വേണ്ടവണ്ണം നൽകണം. ഈ സമുദായത്തിലെ അംഗങ്ങൾക്കു് ഇങ്ങനെയുള്ള സൗജന്യങ്ങളെല്ലാം കുറെക്കാലത്തേക്കു് കൂടി നൽകിയില്ലെങ്കിൽ അവരുടെ അവശതക്കു് പരിഹാരമുണ്ടാകുന്നതല്ല. ഈയിടെ ഒരു അവശസമുദായത്തിൽപ്പെട്ട ഒരൊറ്റ ബി. എൽ. ബിരുദധാരിയായ സുരേന്ദ്രനെ സെക്രട്ടറിയേറ്റിൽനിന്നും പിരിച്ചുവിട്ടതായി അറിയാനിടയായി. അതിനെപ്പറ്റി അന്വേഷിച്ചപ്പോൾ സെക്രട്ടറിയേറ്റിലെ റിട്രെഞ്ച്മെൻറു സംബന്ധിച്ചു പിരിച്ചുവിടപ്പെട്ടവരുടെ കൂട്ടത്തിൽ ഒരു ജൂനിയർ ഹാൻറായ സുരേന്ദ്രനും ഉൾപ്പെട്ടുവെന്നു പറഞ്ഞു. അങ്ങനെ ജൂനിയർ ഹാൻറായാൽതന്നെ ഈ അവശസമുദായത്തിലെ ഒറ്റ ബി. എൽ. ബിരുദധാരിയായ ഇദ്ദേഹത്തെ പിരിച്ചുവിടാതെ ഇരുന്നിരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഏതായാലും ഇപ്പോൾ പിരിച്ചുവിട്ടുകഴിഞ്ഞു. ഗവൺമെൻറിൽ ഒരു നല്ല ഉദ്യോഗം അദ്ദേഹത്തിനു കൊടുത്തു് ഈ സമുദായക്കാരെ പ്രോൽസാഹിപ്പിക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്. ഭൂമി പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചാണെങ്കിൽ കൊല്ലം താലൂക്കു് അവശസമുദായ കമ്മിറ്റിയിലെ ഒരു മെമ്പറായ മി. ആദിച്ചൻ ഉൾപ്പെടെയുള്ള ആ കമ്മിറ്റി അവശസമുദായക്കാർക്കുവേണ്ടി ഭൂമി പതിച്ചുകൊടുത്തപ്പോൾ അതിൽ നൽ ശതമാനവും മി. ആദിച്ചൻറെ സമുദായത്തിൽപ്പെട്ട കുറവർക്കാണു് കിട്ടിയതു്.

ശ്രീ. പി. സി. ആദിച്ചൻ: എവിടെയെല്ലാം എത്ര ഏക്കർ സ്ഥലം ഉണ്ടായിരുന്നു, ആക്കെല്ലാം പതിച്ചുകൊടുത്തു എന്നുള്ളതു് സൂക്ഷ്മമായി അറിഞ്ഞുകൊണ്ടാണോ പറയുന്നതു്.

ശ്രീ. പി. ചാക്കോ: മറ്റു സംഗതികളൊന്നും എനിക്കറിഞ്ഞുകൂടാ. ഏതായാലും ആ കമ്മിറ്റി ശുപാർശ ചെയ്തതു മി. ആദിച്ചൻറെ സമുദായത്തിൽപ്പെട്ട ആളുകൾക്കായിരുന്നു അതിലെ നൽ ശതമാനവും. അതുകൊണ്ടു് ഞാൻ പറയുന്നതു് ഈ മാതിരി കമ്മിറ്റികളിൽ അവശസമുദായത്തിൽപ്പെട്ട എല്ലാ മെമ്പറന്മാരെയും അതായതു് എല്ലാ അവശസമുദായങ്ങളിൽപ്പെട്ട മെമ്പറന്മാരെ ചേർത്തു് ഒരു കമ്മിറ്റിയുണ്ടാക്കി അതുമുഖാന്തരമാണു് ഈ മാതിരി വിതരണങ്ങളെല്ലാം നടത്തേണ്ടതെന്നാണു്. ഏതായാലും ഈവക കാര്യങ്ങളെ കുറിച്ചു് ഒരു സ്ഥിതിവിവര കണക്കെടുക്കുന്നതിനു് ഒരു കമ്മിറ്റി വേണമെന്ന അഭിപ്രായത്തോടുകൂടി ഞാനും യോജിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. സി. പ്രസാദ്: സർ, ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങളുടെയെല്ലാ അഭിപ്രായങ്ങളേയും ഞാൻ സ്വാഗതം ചെയ്യുകയാണ്. ഈ പ്രമേയത്തിൽ, ഒരു വിദഗ്ധ കമ്മിറ്റി ഇവിടെയുള്ളതു് അവശ്യസമുദായക്കാരോടനുഭാവമുള്ള കമ്മിറ്റിയാണെന്നു തോന്നുന്നില്ല. അതുകൊണ്ടു് അതു പിരിച്ചുവിട്ട ഒരു പുതിയ കമ്മിറ്റിയെ നിയമിക്കണമെന്നാവശ്യപ്പെട്ടിരുന്നതെങ്കിൽ ഇതു കുറെക്കൂടി സ്വീകാര്യമാകുമായിരുന്നു. ശ്രീ. ആർ. അച്യുതൻറെയും മറ്റും അഭിപ്രായം ഹരിജനോദ്ധാരണം മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണു് അതിൽ നിന്നും പിന്നോട്ടുപോകേണ്ടയാവശ്യമില്ലയെന്നാണ്. എന്നാൽ എനിക്കു് പിന്നോക്കം പോകാതെ നിവൃത്തിയില്ല. യഥാർത്ഥം പറയുകയാണെങ്കിൽ സമുദായത്തിൻറെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുവാൻ ഇവർ പോരായെന്നു എനിക്കു തോന്നുന്നുണ്ടു്. ഒരു പ്രകാരത്തിലും ഇവരെകൊണ്ടു് യാതൊന്നും ചെയ്യാൻ സാധിക്കുകയില്ല. അവർ പറയുന്നതു് ഗവൺമെൻറു ഞങ്ങൾക്കുവേണം; എല്ലാനിലയിലുള്ള അവകാശങ്ങളും ഞങ്ങൾക്കുവേണം, മന്ത്രിസഭവരെ ഞങ്ങൾക്കു കിട്ടണം എന്നാണു്. വാസ്തവം പറയുകയാണെങ്കിൽ ഈ കാലത്തു ഗവൺമെൻറു് എന്താണു ചെയ്യാത്തതു്. ഒരു മിനിസ്റ്റർ പരമേശ്വരൻപിള്ളയ്ക്കാണെങ്കിൽ ഡിസ്ട്രിക്ടു് മജിസ്ട്രേട്ടുദ്യോഗം കൊടുത്തു. അതുപോലെതന്നെ കാളനി സ്ഥാപിക്കുവാൻവേണ്ടി ൪൫ സെൻറു് ഭൂമി പതിച്ചുകൊടുത്തു. ഇതൊക്കെ സ്വീകാര്യമായ സംഗതികളാണു്. ഇതെല്ലാം ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറായതുകൊണ്ടാണു് ശരിയായി നടക്കുന്നതു്.

ശ്രീ. ആദിച്ചൻ പറഞ്ഞ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല.

ശ്രീ. പി. സി. ആദിച്ചൻ: തൽക്കാലം എന്നെങ്കിലും ഒന്നിൽ യോജിക്കുന്നുണ്ടെന്നു പറയാമോ?

ശ്രീ. സി. സി. പ്രസാദ്: അതൊന്നും ഇവിടെ പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അഡൈ്വസറിബോർഡുകളാണെങ്കിൽ ഒന്നോ രണ്ടോ നിലവിലുണ്ടു്. ഇതിനു മുമ്പു ലാൻറു കമ്മിറ്റിയിൽ ഒരു മെമ്പറെ എടുക്കണമെന്നുപോലും പ്രമേയം പാസ്സാക്കുകയുണ്ടായി. എല്ലാ നിലയിൽ നോക്കിയാലും ഇവിടത്തെ ഭരണം പിന്നോക്ക സമുദായക്കാർക്കു വളരെ സഹായകമായിട്ടുണ്ടു്. വിദ്യാഭ്യാസമാണെങ്കിൽ പുരോഗമിച്ചിട്ടുണ്ടു്. ഇനിയും ഗവൺമെണ്ടു പല പ്രോത്സാഹനങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണു്. വേറെ ഒരു സംഗതി പറയുവാനുള്ളതു് ഇക്കൊല്ലം കഴിഞ്ഞകൊല്ലത്തേക്കാൾ കൂടുതൽ സർവ്വകലാശാലയിലും മറ്റും ഉണ്ടോ എന്നുള്ളതിനെപ്പറ്റിയാണു്. ഒരു കൂട്ടി രണ്ടുകൂട്ടി, മൂന്നു കൂട്ടി ഇങ്ങിനെ വീതംവെച്ചാണു് കൊല്ലംതോറും എടുക്കാവുള്ളതു്. ചിലപ്പോൾ ഒരു വിദ്യാർത്ഥിയെപ്പോലും യൂണിവേഴ്സിറ്റിക്കാർ അംഗീകരിക്കാറില്ല. അതുകൊണ്ടു് ആ കാര്യത്തിൽ ഗവൺമെൻറു കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഈ നാട്ടിലെ ഹരിജനങ്ങൾ, അല്ലെങ്കിൽ പട്ടികജാതിക്കാർ എന്നു പറയുന്നവർ ഇന്നു മണിമേടകളിൽ ഇരുന്നുകൊണ്ടു് എലക്ട്രിക്ക ഫാനിൻറെ കീഴിൽ കാറ്റുമേറ്റിരിക്കുന്നവരുടെ കുമ്പവീർപ്പിക്കുന്നവരാണു്. അങ്ങിനെ അഭിപ്രായപ്പെടുന്നവരായ ഒരു വിഭാഗം ആളുകൾ ഈ നാട്ടിൽ അടിമത്വം അനുഭവിച്ചുപോരുന്നുണ്ടെങ്കിൽ അവർ പാവപ്പെട്ടവരാണെന്നും, അവർക്കു സാമുദായികമായ പുരോഗതിയുണ്ടാകത്തക്ക പ്രവർത്തനങ്ങൾ ചെയ്തു് അവരെ സഹായിക്കേണ്ടതാണെന്നും ബഹുമാനപ്പെട്ട ഗവൺമെൻറു് മനസ്സിലാക്കുമെന്നു വിശ്വസിക്കുന്നു. പക്ഷേ ഉള്ളതു പറഞ്ഞാൽ ആരും സമ്മതിക്കുവാൻ പോകുന്നില്ലെന്നുള്ള പരമാർത്ഥം സമുദായവഞ്ചകന്മാരായി ഗവൺമെൻറിനോടു് ഒട്ടിനിൽക്കുന്ന പിന്നോ

LIBRARY ARCHIVES Kerala Legislative Assembly

[Sri. C. C. Prasad]

കക്ഷിമുഖ്യന്മാരെ അറിയിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഈ പ്രമേയം ഇവിടെ കൊണ്ടുവന്നതിൽ ഞാൻ വ്യസനിയ്ക്കുകയാണു് ചെയ്യുന്നതു്. കാൺഗ്രസ്സു് ഗവൺമെൻറിൽനിന്നു യാതൊന്നും നമുക്കു പ്രതീക്ഷിക്കാനില്ലെന്നു ഇതുവരെയുള്ള നമ്മുടെ അനുഭവം തെളിയിച്ചുകഴിഞ്ഞു. കേന്ദ്രഗവൺമെൻറിനെപ്പറ്റിയല്ല ഞാനിതു പറയുന്നതു്. ഇവിടത്തെ ഗവൺമെൻറിനെപ്പറ്റിയാണു്. കേന്ദ്രഗവൺമെൻറും മദ്രാസ് ഗവൺമെൻറുമൊക്കെ വളരെ കായ്ങ്ങൾ ഈ വിഷയത്തിൽ പ്രവർത്തിക്കുന്നുണ്ടു്.

Deputy Speaker: Order, order. As it is now 4-30 p. m. we will take up the last item in the agenda.

DISCUSSION UNDER RULE 26

Rise of prices

Sri. N. D. Jose: I asked permission for a discussion of this question under Rule 26 because I felt that this was a live issue with most of the people in the State. To me it appears that this is a matter of considerable importance to the masses in this State and in particular to the wage-earner with a fixed income. Even before the Korean war prices had rocketed high to as much as 4 to 500 per cent to the pre-war level. Runaway prices placed in jeopardy the economic life of our country and created an inflation spiral. Rising prices and rising wages created a vicious circle. The Government had not succeeded in breaking this, and consequently it became almost impossible to raise the standard of life in this country. Since the outbreak of the Korean conflict, prices of essential articles of absolute necessity have risen by as much as 2 to 300 per cent. Let me cite facts and figures. Chillies dhall, mully, coconut oil, green gram, tamarind and other articles of daily use have gone up in prices. For chillies, the price has gone up from 14 annas to Re. 1-3-0. Dhall—from Re. 1 to Re. 1-6-0. Mully—8 annas before; it has gone up to 14 annas. Coconut oil—from 5 fanams to 8 fanams and so on. To give a very rough calculation, if an average family spends Rs. 15 for provisions, etc., apart from foodgrains, now it will incur an expenditure of nearly Rs. 35. Thus, it will be seen that this leads to a marked increase in the cost of living. In a vast majority of instances, families have deficit domestic budgets. The Government, I am sure, Sir, is cognizant of these facts and have greater details also. The Government of India have imposed a control on certain articles—on about 11 articles. These include tyres and tubes, baby foods, etc. These control measures are not of any benefit to the people at large, those who buy tyres and tubes being in a very negligible majority. Now, Sir, I would like to know whether the Government has sought to find out the causes of this sudden increase of prices for these essential commodities. I am sure, Sir, the House will be interested to learn the reasons for this sudden increase in prices immediately on the break out of the Korean conflict, there being really no connection between the two, since most of these articles are not imported from abroad. Till now, prices of these commodities have not gone down. It is impossible to quote living index of figures because the Government has not maintained these. Sir, there are a number of Labour Acts in force and a few Industrial Tribunals also functioning. I would ask of the Government how it proposes to function properly as far as these matters are concerned, without maintaing such living indev figures for at least the important cities in the State. On these facts which I have given in brief, I would appeal to the Government to take immediate measures to bring down the level of prices either through control, price fixation or other measures that could be adopted with profit.

LIBRARY ARCHIVES Kerala Legislative Assembly